**അടിയന്തരപ്രമേയം**

ഷുഹൈബിന്റെ കൊലപാതകം

മി. സ്പീക്കർ: മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെ കൊലപാതകത്തിലുൾപ്പെട്ട എല്ലാ പ്രതികളെയും ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയതായി പറയപ്പെടുന്നവരെയും അറസ്റ്റ് ചെയ്യാൻ കഴിയാത്തതിനാൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. സുധാകരൻ നടത്തുന്ന നിരാഹാര സമരം 8 ദിവസം പിന്നിട്ടിട്ടും തൃപ്തികരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ്, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഷുഹൈബിന്റെ കൊലപാതകം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കീഴൂർ അംശം പെരുർ എന്ന സ്ഥലത്ത് 12-02-2018-ന് രാത്രി 10.50-നാണ് അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ച ദാരുണ സംഭവമുണ്ടായത്. കോൺഗ്രസ് പ്രവർത്തകനായ ഷുഹൈബ് മറ്റ് മൂന്നുപേരുമായി സംസാരിച്ച്

നിൽക്കവെ കണ്ണൂരിൽനിന്നു വന്ന 'ഫോർ രജിസ്ട്രേഷൻ' സ്റ്റിക്കർ പതിപ്പിച്ച കാർ റോഡരികിൽ നിർത്തി അതിൽനിന്നും നാലുപേർ വാളുമായി ഇറങ്ങുകയും ഒരാൾ ബോംബുകളെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും രണ്ടുപേർ ചേർന്ന് ഷുഹൈബിനെ വെട്ടിപ്പരിക്കേൽപ്പിക്കുകയുമാണുണ്ടായത്. അക്രമത്തിൽ മാരകമായി വെട്ടേറ്റ ഷുഹൈബിനെ കൊയിലി ആശുപത്രിയിലെത്തിക്കുകയും വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട്ടേയ്ക്ക് കൊണ്ടുപോകുന്ന വഴി മരണപ്പെടുകയും ചെയ്തു. ഒപ്പം പരിക്കേറ്റ രണ്ടുപേർ തലശ്ശേരി ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. കൊലപാതകത്തെക്കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽവന്ന ഉടൻതന്നെ കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിരുന്നു. ഈ കേസിന്റെ പ്രാധാന്യവും കെ.പി.സി.സി. പ്രസിഡന്റിന്റെ നിവേദനത്തിലെ ആവശ്യവും പരിഗണിച്ച് അന്വേഷണത്തിനായി കണ്ണൂർ റെയ്ഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തി. സംഭവത്തിൽ നാലുപേരെ പ്രതികളാക്കി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 341, 324, 307, 302, 34 ഇ.എസ്. ആക്ടിലെ 3, 5 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 202/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്തതായി

അന്വേഷണത്തിൽ വ്യക്തമായതിനെത്തുടർന്ന് ആകാശ് (23 വയസ്സ്), റിജിൻ രാജ് (24 വയസ്സ്) എന്നിവരെ 18-02-2018-നും കൂട്ടുപ്രതികളായ അൻവർ സാദത്ത്, അഖിൽ എന്നിവരെ 24-02-2018-നും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. ജിതിൻ രാജ് (23 വയസ്സ്) എന്ന പ്രതിയെ 25-02-2018-ന് അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യത്തിനുപയോഗിച്ച 'കെ.എൽ. 13 എ.കെ. 5278' നമ്പറിലുള്ള കാർ തിരിച്ചറിഞ്ഞ് ബന്തവസ്സിലെടുത്തിട്ടുണ്ട്. മജിസ്ട്രേറ്റിനുമുമ്പാകെ തിരിച്ചറിയൽ പരേഡ് നടത്തിയപ്പോൾ പ്രതികളിൽ രണ്ടുപേരെയും പരിക്കേറ്റയാളും പ്രധാന സാക്ഷിയുമായ വ്യക്തി തിരിച്ചറിഞ്ഞിട്ടുമുണ്ട്. ഇതോടെ പ്രതികൾ ഡമ്മികളാണെന്ന പരാതിയും അടിസ്ഥാനരഹിതമാണെന്ന് വ്യക്തമായി. ഈ കേസിന്റെ അന്വേഷണം വളരെ ഊർജ്ജിതമായും കുറ്റമറ്റ രീതിയിലും നടന്നുവരികയാണ്. കുറ്റകൃത്യത്തിൽ പങ്കെടുത്ത പ്രധാന പ്രതികളെ സംഭവം നടന്ന് ഒരാഴ്ചയ്ക്കുള്ളിൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. ഈ കേസിൽ ഐ.പി.സി. 109, 120 ബി എന്നീ വകുപ്പുകൾ കൂട്ടുതലായി ചേർത്ത് അന്വേഷിച്ചുവരുന്നു. ഐ.ജി.-യുടെ നേതൃത്വത്തിലുള്ള സംഘം നിഷ്പക്ഷവും നീതിപൂർവ്വകവുമായാണ് അന്വേഷണം നടത്തുന്നത്. 12-01-2018-ന് വൈകുന്നേരം 5 മണിയോടെ മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കീഴല്ലൂർ അംശം

എടയന്നൂർ എന്ന സ്ഥലത്തുണ്ടായ അക്രമസംഭവത്തിൽ മട്ടന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിൽ പ്രതിയായ ഷുഹൈബ് അറസ്റ്റിലും റിമാൻഡിലുമായതിനുശേഷം ജാമ്യത്തിലിറങ്ങിയ സമയത്താണ് കൊല ചെയ്യപ്പെട്ടത്. അക്രമസംഭവങ്ങളിൽ പോലീസ് കർക്കശമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖം നോക്കാതെ നടപടികളുണ്ടായിട്ടുണ്ട്. കുറ്റക്കാരെ കണ്ടെത്താൻ ഒരേ സമയം നിരവധി വീടുകൾ പോലീസ് റെയ്ഡ് ചെയ്ത് പരിശോധിച്ചു. ഒരെതിർപ്പും എവിടെനിന്നും ഉണ്ടായിട്ടില്ല. പ്രതിപക്ഷ ആവശ്യംകൂടി കണക്കിലെടുത്താണ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചത്. അന്വേഷണ സംഘം നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലാണ് പ്രതികളെ പിടികൂടിയത്.

രാഷ്ട്രീയമായ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുക സ്വാഭാവികമാണ്. രണ്ട് പ്രസ്ഥാനങ്ങൾക്കിടയിൽ മാത്രമല്ല, രണ്ട് വ്യക്തികൾക്കിടയിലും ഒരേ അഭിപ്രായം എല്ലാ കാര്യത്തിലും ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നാൽ, ആ അഭിപ്രായ വ്യത്യാസങ്ങൾമൂലം പ്രതികാര മനോഭാവമുണ്ടാകുന്നതും അതേത്തുടർന്ന് കൊലപാതകങ്ങളുണ്ടാകുന്നതും നീതീകരിക്കാനാവുന്നില്ല. നമ്മുടെ നാടിന് ഇത് ചേരുന്നതുമല്ല. സംസ്ഥാനത്ത് അക്രമസംഭവങ്ങൾ ഉണ്ടാകരുതെന്നും ഒരാളും കൊല്ലപ്പെടരുതെന്നുമാണ് സർക്കാരിന്റെ നിലപാട്. രാഷ്ട്രീയ പ്രശ്നങ്ങൾ ഒരിക്കലും

അക്രമങ്ങളിലേയ്ക്ക് തിരിയരുത്. ചെറിയ പ്രശ്നങ്ങളുണ്ടായാൽ രമ്യമായി പരിഹരിക്കാൻ കഴിയണം. അക്രമസംഭവങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. അതാണ് ഈ കാര്യത്തിൽ കണ്ടത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു അടിയന്തര പ്രശ്നവും ഇതിൽ അടങ്ങിയിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ലോകത്തെമ്പാടുമുള്ള മലയാളികളുടെ മനസ്സിനെ ഞെട്ടിച്ച, മനുഷ്യസ്നേഹികളെ വേദനിപ്പിച്ച, കണ്ണീരിലാഴ്ത്തിയ ഷുഹൈബിന്റെ ദാരുണമായ, പൈശാചികമായ, അതിക്രൂരമായ, മൃഗീയമായ കൊലപാതകം സംബന്ധിച്ച കാര്യങ്ങൾ അത് അർഹിക്കുന്ന ശക്തിയിലും ശബ്ദത്തിലും സമഗ്രതയിലും സമ്പൂഷ്ടതയിലും ജനാധിപത്യ കേരളത്തിന്റെ പരമോന്നത ശ്രീകോവിലിൽ അവതരിപ്പിക്കുന്നതിന് എന്റെ വാക്കുകൾ മതിയാകുന്നതല്ല. അത്രമാത്രം ഗൗരവത്തോടെ കേരളം കണ്ടതാണ്, കേട്ടതാണ്, വേദനയോടെ കേരളം സഹിച്ചതാണ് ഷുഹൈബിന്റെ ദാരുണമായ കൊലപാതകമെന്ന് നമുക്കെല്ലാവർക്കുമറിയാം. എങ്കിലും ഈ കാര്യങ്ങൾ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അതിന് കൂടുതൽ സമയം അനുവദിക്കണമെന്ന് ആദ്യമേ അഭ്യർത്ഥിക്കുന്നു. ഇത്ര ക്രൂരമായ കൊലപാതകം, കൊലപാതകത്തിന്റെ രീതി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കുറേയൊക്കെ വിശദീകരിച്ചു. വാഹനത്തിൽ ആളുകൾ വരുന്നു, ബോംബ് എറിഞ്ഞ് ഭീതിപരത്തുന്നു, പിടിച്ചു നിർത്തുന്നു, വെട്ടിപ്പരിക്കേൽപ്പിക്കുന്നു. ഈ വെട്ടെങ്ങനെയാണ് നടത്തിയിരിക്കുന്നത്, ഒരു മരംവെട്ടുകാരൻ കോടാലികൊണ്ട് മരം മുറിക്കാൻ അല്ലെങ്കിൽ വിറക് കീറിയെടുക്കാൻ വെട്ടുന്നതിനെക്കാൾ ശക്തിയിൽ ആഴത്തിൽ മനുഷ്യശരീരത്തിലാണ് വെട്ടുന്നത്. കൊലപ്പെടുത്താൻ മാത്രമല്ല, വെട്ടിപ്പരിക്കേൽപ്പിക്കുന്നതിന്റെ ക്രൂരവിനോദം പ്രതി ആസ്വദിക്കുകയായിരുന്നു. ഇത്ര ഗുരുതരമായി വെട്ടിപ്പരിക്കേൽപ്പിച്ച് വിറക് കീറിയെടുക്കുന്നതുപോലെയാണ് ശരീരഭാഗങ്ങൾ മാംസവും എല്ലുമുൾപ്പെടെ കീറിയെടുത്തത്. അതിനുശേഷം കാറിൽകയറിയ ഒരു പ്രതി 'ഒരിക്കൽക്കൂടി വെട്ടട്ടെ' എന്നുപറഞ്ഞ് പുറത്തിറങ്ങി ഒരിക്കൽക്കൂടി ഷുഹൈബിന്റെ ശരീരത്തിൽ ആഞ്ഞുവെട്ടി. ഡോക്ടർമാർ ആശുപത്രിയിൽ പ്രവേശിപ്പിച്ച സമയത്തും പോസ്റ്റ്മോർട്ടത്തിന്റെയും ഇൻക്വസ്റ്റിന്റെയും സമയത്തും കണ്ടുനിൽക്കാൻ സാധിക്കാത്ത പരിക്കുകളാണ് വരുത്തിയിട്ടുള്ളത്. അതിന്റെ ഫോട്ടോകൾ നമുക്ക് ലഭ്യമാണ്. ഇതിനെ വിശേഷിപ്പിക്കാൻ വാക്കുകളില്ല. ഷേക്സ്പിയറിന്റെ ജൂലിയസ് സീസർ എന്ന നാടകത്തിൽ പറഞ്ഞിട്ടുണ്ട്, ഇംഗ്ലീഷ് വ്യാകരണംപോലും മറികടന്നുകൊണ്ട്

ഡബിൾ സൂപ്പർലേറ്റീവാണ് ഉപയോഗിച്ചത്. "The most unkindest cut of all" എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ കടമെടുക്കുകയാണ്. ഷുഹൈബിനെ കൊലപ്പെടുത്താൻവേണ്ടി വെട്ടിയ വെട്ടുകൾ "The most unkindest cut of all". ജനാധിപത്യകേരളം അത് വേദനയോടെ കണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു, ഷുഹൈബ് ഒരു കേസിൽ പ്രതിയായിരുന്നുവെന്ന്. That is an admitted fact. അത് സമ്മതിക്കുന്നു. പക്ഷെ ഈ കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള ഒന്നും രണ്ടും പ്രതികൾ കൊലക്കേസ്സുകളിൽ പ്രതികളായി ജാമ്യത്തിൽ കഴിയുന്നവരാണ് എന്ന മെറ്റീരിയലായ കാര്യം എന്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു. ഷുഹൈബ് 12-01-2018-ൽ നടന്ന ഒരു സംഘട്ടനത്തിന്റെ ഭാഗമായ കേസിൽ പ്രതിയായിരുന്നു, ജാമ്യത്തിലിറങ്ങിയിരുന്നുവെന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താത്പര്യം കാണിക്കുമ്പോൾ അദ്ദേഹം തന്നെ പറയേണ്ടതല്ലേ ഈ കൊലക്കേസിൽ പ്രതിയാക്കപ്പെട്ടവർ, അറസ്റ്റ് ചെയ്യപ്പെട്ടവർ മറ്റൊരു കൊലപാതകക്കേസിലെതന്നെ ഒന്നും രണ്ടും പ്രതികളാണെന്ന്. അതുപോലെ കൊലപാതക ശ്രമത്തിനുള്ള രണ്ട് കേസ്സുകളിൽ ആകാശ് പ്രതിയാണ്. ബോംബ് നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്ത രണ്ട് കേസ്സുകളിൽ അദ്ദേഹം പ്രതിയാണ്. പതിനൊന്ന് കേസ്സുകളിൽ അദ്ദേഹം പ്രതിയാണെന്ന് റിമാൻഡ്

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിസ്സാരവത്ക്കരിക്കാനും കണ്ടില്ലെന്ന് നടിക്കാനും ശ്രമിക്കുന്നത് ജനാധിപത്യ കേരളം പൊറുക്കുന്ന കാര്യമല്ല. എന്തിനാണ് ഈ കൊലപാതകം; ആരാണ് ഈ കൊലപാതകം ചെയ്യിച്ചത്? സി.പി. ഐ (എം) ആണ്, സി. പി.ഐ. (എം) മാത്രമാണ്, സി.പി. ഐ (എം) പാർട്ടിയാണ്. അത് റിമാൻഡ് റിപ്പോർട്ടിൽ പോലീസ് പറഞ്ഞിട്ടുണ്ട്. എ.ഡി.ജി.പി. കണ്ണൂരിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞത്, കൊന്നത് സി.പി.ഐ(എം) തന്നെയാണെന്നാണ്, 'പാർട്ടിയെ തള്ളി പോലീസ്'. പോലീസിൽ ചാരനുണ്ടെന്ന പരാതിയുമായി കണ്ണൂർ എസ്.പി., ഈ കേസന്വേഷണത്തിൽ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല, പോലീസ് സേനയിൽതന്നെ ചാരനുണ്ടെന്ന് പറയുന്നത് കോൺഗ്രസ് നേതാക്കളല്ല. പ്രതിപക്ഷ നേതാക്കൻമാരല്ല കണ്ണൂർ ജില്ലാ എസ്.പി.തന്നെ പറയുകയാണ്. പ്രതികളെ പിടിക്കുന്നതിന് ശ്രമിച്ച മുഴക്കുന്ന് പോലീസ് എസ്.ഐ രാജേഷ് നിർബന്ധിത അവധിയിലാണ്. എന്തിനാണ് അദ്ദേഹത്തെ നിർബന്ധിത അവധിയെടുപ്പിച്ചത്? അദ്ദേഹം പ്രതികളെ പിടിക്കുന്നതിനുള്ള പരിശ്രമം നടത്തിയതിനാണ്. എന്തിനാണ് വെട്ടിയത്? ഷുഹൈബ് യൂത്ത് കോൺഗ്രസിന്റെ മട്ടന്നൂർ നിയോജകമണ്ഡലം സെക്രട്ടറിയായിരുന്നു, സുന്നി ഫെഡറേഷൻപോലുള്ള

സംഘടനകളിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയ പ്രവർത്തകൻ മാത്രമായിരുന്നില്ല, ശക്തമായ സാമൂഹ്യപ്രവർത്തകൻ കൂടിയായിരുന്നു. നിരവധിപ്പേർക്ക് സഹായങ്ങൾ നൽകി. രോഗികൾക്ക് ചികിത്സാ സഹായവും കുട്ടികൾക്ക് പഠനസഹായവും വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ സഹായവും നൽകി. രോഗിയായ സുബൈദയുടെ മൂന്ന് മക്കൾ സ്കൂളിൽ ഹാജരാകുന്നില്ല. ടീച്ചർ ഷുഹൈബിനെ വിളിച്ചാണ് നിങ്ങളൊന്ന് അന്വേഷിക്കണമെന്ന് പറഞ്ഞത്. ഷുഹൈബ് ആ വീട്ടിൽപ്പോയി അന്വേഷിച്ചപ്പോൾ അവർ മുഴുപ്പട്ടിണിയിലാണെന്നാണ് കണ്ടത്. കുട്ടികൾക്ക് ഭക്ഷണം കൊടുത്ത് സ്കൂളിലയയ്ക്കാൻ രോഗിയായ വീട്ടമ്മയ്ക്ക് കഴിയാത്ത സാഹചര്യം മനസ്സിലാക്കി സുഹൃത്തുക്കളെ കൂട്ടി ടൗണിൽപ്പോയി ഒരു മാസത്തേയ്ക്കുള്ള ആഹാര സാധനങ്ങൾ സംഘടിപ്പിച്ച് ആ വീട്ടിൽ കൊടുത്ത് സ്കൂളിൽ കുട്ടികളെ അയയ്ക്കണമെന്ന് പറഞ്ഞ് പോയ ദിവസമാണത് സംഭവിച്ചത്. മെഡിക്കൽ ടെസ്റ്റുകൾ നടത്തി അദ്ദേഹത്തിന്റെ കിഡ്നിപോലും ദാനം ചെയ്യാൻ തയ്യാറെടുക്കുകയായിരുന്നു. ഇക്കാര്യം പുറംലോകം അറിയരുതെന്നാണ് ഷുഹൈബ് ആഗ്രഹിച്ചത്. പക്ഷെ അദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. യൂത്ത് കോൺഗ്രസ് പ്രവർത്തകനായിരുന്നു. കെ.എസ്.യു. പ്രവർത്തകരെ കോൺഗ്രസ് ഓഫീസിൽ വന്ന് തല്ലുകയും പരിക്കേൽപ്പിക്കുകയും

ചെയ്ത സി.ഐ.റ്റി.യു. മാർക്സിസ്റ്റ് ക്രിമിനലുകളെ അദ്ദേഹം നേരിട്ടു. അത് ഒരുമാസം മുമ്പ് 12-01-18-ന് നടന്നതാണ്. ആ കേസിന്റെ തിരിച്ചടിയാണ്, പ്രതികാരമാണ് 12-02-18-ന് രാത്രിയിൽ 10.45-ന് ഇത്ര നിഷ്ഠൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. പ്രതികളാരെന്ന് സുവ്യക്തമല്ലേ? എഫ്.ഐ.ആർ-ലും റിമാൻഡ് റിപ്പോർട്ടിലും എ.ഡി.ജി.പി.-യുടെ പ്രസ്താവനയിലും വളരെ വ്യക്തമായുണ്ട്. അറസ്റ്റ് ചെയ്തിരിക്കുന്ന ആകാശ് ആരാണ്? ആകാശിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് നമ്മെളല്ലാവരും കണ്ടു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി കണ്ണൂർ ജില്ലാസെക്രട്ടറി ശ്രീ. പി. ജയരാജനുമുണ്ട്. ശ്രീ. ജയരാജനുമായുള്ള അദ്ദേഹത്തിന്റെ വലിയ ബന്ധം, ശ്രീ. ജയരാജന്റെ പേരിലിറക്കിയ 'നന്മയുടെ പൂമരം'. നന്മയുടെ പൂമരമാണോ തിന്മയുടെ പാഴ്മരമാണോയെന്ന് കേരളത്തിലെ ജനങ്ങൾ തീരുമാനിക്കട്ടെ, പാർട്ടിക്കാർ തള്ളിപ്പറഞ്ഞിരിക്കുന്നു. 'ശ്രീ. പി. ജയരാജൻ നന്മയുടെ പൂമരം' എന്ന പേരിൽ ഒരു വീഡിയോ ക്ലബ് പ്രചരിപ്പിക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ ചർച്ച ചെയ്തുവെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ആ നന്മയുടെ പൂമരമെന്ന വീഡിയോ ക്ലബ്ബിൽ പാടി അഭിനയിക്കുന്ന കുട്ടിയാണ് ആകാശ്. ശ്രീ. ജയരാജനുമായുള്ള ബന്ധമെത്രയാണ്? എന്തിനേറെ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആലപ്പുഴ സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോയപ്പോൾ 'ടി. പി. ചന്ദ്രശേഖരന്റെ ഗതി

വി. എസ്. അച്ചുതാനന്ദന് വരുമെന്ന' ഫെയ്സ്ബുക്ക് പോസ്റ്റിട്ട ആകാശ് കണ്ണൂർ ലോബിയുടെ കളിപ്പാവയാണ്, കണ്ണൂർ ലോബിയുടെ കയ്യിലെ കഠാരയാണ്. കേവലമൊരു ആയുധം മാത്രമാണ് ആകാശ് എന്ന കാര്യം വളരെ വ്യക്തമല്ലേ? ആകാശിന്റെ പിതാവ് രവി, ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ ഞാനറിയുന്ന തില്ലങ്കേരി പഞ്ചായത്തിലെ ലോക്കൽ കമ്മിറ്റി ഭാരവാഹിയായിരുന്നു. അമ്മ ദാക്ഷായണി ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയിരുന്നു. എൽ.സി. മെമ്പറായിരുന്നു. ഇപ്പോൾ ശ്രീ. പി. ജയരാജൻതന്നെ പാർട്ടി അംഗമാണെന്ന് സമ്മതിക്കുന്നു. പാർട്ടി അംഗമായ ക്രിമിനൽ കേസ് പശ്ചാത്തലമുള്ള വ്യക്തി ഈ കാര്യം ചെയ്യുമ്പോൾ ഞങ്ങൾ വളരെ ബലമായി പറയുന്നു ഇത് കേവലം ആകാശോ, റിജിൻ രാജോ മാത്രമറിഞ്ഞുകൊണ്ട് ചെയ്ത കുറ്റമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരണാനുമതി നിഷേധിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞു, 120 (ബി) ചേർക്കുന്നുണ്ട്. ഇതുവരെ അതിനെക്കുറിച്ച് പോലീസ് മുന്നോട്ടുപോയിട്ടില്ല. സംഭവം നടന്നിട്ട് 14 ദിവസം കഴിഞ്ഞിരിക്കുന്നു. ഗൂഢാലോചനയുടെ ഭാഗം ചേർത്തിട്ടുണ്ട് അല്ലെങ്കിൽ ഗൂഢാലോചനയുടെ ഭാഗത്ത് ഇത്രകണ്ട് മുന്നോട്ടുപോയി എന്നുപറയാൻ പോലീസിനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ സാധിക്കുന്നില്ല. ആയുധങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ആയുധങ്ങൾ പ്രത്യേകം നിർമ്മിച്ചതാണ്.

ബോംബുകൾ എവിടെ നിർമ്മിച്ചു; ആരാണ് നൽകിയത്; ആരാണ് ഗൂഢാലോചന നടത്തിയത്; പ്രതികളാരാണ്? മട്ടന്നൂരിലെ എടയന്നൂരിൽ ഈ സംഭവം നടക്കുമ്പോൾ പ്രതികളുടെ സ്ഥലം തില്ലങ്കേരിയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കണ്ണൂർ ജില്ലാക്കാർക്കുമൊക്കെയറിയാം. അതിനിടയിൽ മട്ടന്നൂർ, ഇരിട്ടി എന്നീ മുനിസിപ്പാലിറ്റിയുണ്ട്. ദൂരപ്രദേശത്തുനിന്ന് പ്രതികൾ ഷുഹൈബിനെ കൊലപ്പെടുത്താൻ വരണമെങ്കിൽ അതിന് ഒരു ലിങ്ക് വേണ്ടേ; ആരെങ്കിലും പ്രേരിപ്പിക്കണ്ടേ; ആരെങ്കിലും ഒത്താശ ചെയ്യേണ്ടേ, ആരെങ്കിലും നിർദ്ദേശിക്കണ്ടേ? അത് ആരാണെന്ന് അറിയാനാണ് കോൺഗ്രസ് നേതാവ് ശ്രീ. കെ. സുധാകരൻ, കണ്ണൂരും യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റായ ശ്രീ. ഡീൻ കുര്യാക്കോസും ശ്രീ. മഹേഷും സെക്രട്ടേറിയറ്റിന് മുന്നിലും സമരം നടത്തുന്നത്. കൊലയാളികളെ പിടിക്കണം. അക്കാര്യത്തിൽ ഈ സമരത്തിന്റെ ആവേശം, ജനപിന്തുണ സർക്കാരിനെ സ്വാധീനിച്ചിട്ടുണ്ട്. കൊലയാളികളെ മാത്രം പിടിച്ചാൽ പോരാ, കൊല്ലിക്കുന്നവരെ കൂടി പിടിക്കണം. കൊല്ലിച്ചവരുണ്ട്. അവരെക്കൂടി പിടിക്കണം എന്നുതന്നെയാണ്. വിജയം കണ്ട് മാത്രമേ ഈ സമരം പര്യവസാനിക്കുവെന്ന കാര്യത്തിൽ സംശമയില്ല. ഞങ്ങൾക്ക് പറയാനുള്ളത്, ജനാധിപത്യ കേരളം മനസ്സിലാക്കിയിരിക്കുന്നു. ഷുഹൈബിന്റെ ഇളയ സഹോദരി

ഉമ്മയ്യ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയ തുറന്ന കത്ത് കേരളം കണ്ണീരോടെ വായിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് വായിച്ചിട്ടുണ്ടോ? 'ഇക്ക ഇനി നമ്മുടെ കൂടെയില്ലെന്ന് വിശ്വസിക്കാൻ ഇന്നും ഞങ്ങളാർക്കും കഴിയുന്നില്ല. എന്തിന്റെ പേരിലായാലും ഇക്കയെ ഇങ്ങനെ ഇല്ലാതാക്കണമായിരുന്നോ? ഇത്തരത്തിൽ ഇനി ആരും മരിക്കരുത്. ആ കണക്ക പുസ്തകത്തിലെ അവസാനത്തെ ആളാകട്ടെ ഞങ്ങളുടെ ഇക്ക. ഇനി ആരും കൊല്ലപ്പെടാതിരിക്കട്ടെ. ഞങ്ങൾക്കുവേണ്ടി, ഞങ്ങളെപ്പോലെ ഒരുപാട് കുടുംബങ്ങൾക്ക് വേണ്ടി ഈ ക്രൂരതകൾ ഇനിയും ആവർത്തിക്കില്ലെന്നൊരു ഉറപ്പ്, അതെങ്കിലും ഞങ്ങൾക്ക് നൽകാമോ? ഷുഹൈബിന്റെ മൂന്ന് സഹോദരിമാരിൽ ഒരാൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയ തുറന്ന കത്തിലെ വരികളാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വായിക്കണം, ഇതിനെ സംബന്ധിച്ച് പ്രതികരിക്കണം. ഇത് അവസാനത്തെ കൊലപാതകമാകട്ടെ; തങ്ങളുടേതുപോലെ മറ്റൊരു കുടുംബത്തിന്റെ കണ്ണീർ ഇനിയുണ്ടാകാതിരിക്കട്ടെ എന്ന് ഉമ്മയ്യ ആഗ്രഹിച്ചുവെങ്കിൽ അത് തെറ്റിപ്പോയിരിക്കുന്നു. കാരണം ഇവിടെ വീണ്ടും കൊലപാതകമുണ്ടായിരിക്കുന്നു. ഇന്നലെ മണ്ണാർക്കാട് മധുവിന്റെ, വേദനിക്കുന്ന കൊലപാതകമുണ്ടായി. ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ആവർത്തിക്കരുത്. അത് സംബന്ധിച്ചാണ്

ഞങ്ങളുടെ സമരം നടക്കുന്നത്, ഞങ്ങളുടെ ആവശ്യമെന്താണ്? പോലീസിന്റെ മേൽ നിയന്ത്രണമുണ്ടെന്നും രഹസ്യങ്ങൾ ചോർന്നുപോകുന്നുവെന്നും എസ്.പി. തന്നെ സമ്മതിക്കുന്നു. അതുകൊണ്ട് ഇത് ഒരു കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ കണ്ണൂരിൽ സമാധാനയോഗം വിളിച്ചു. സമാധാനയോഗമുണ്ട്, താങ്കൾക്ക് അറിയിപ്പ് കിട്ടുമെന്ന് രണ്ടുദിവസം മുമ്പ് കളക്ടർ എന്നോട് പറഞ്ഞു. ശ്രീ. കെ. സി. ജോസഫ് കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്ന് രാവിലെയും എ.ഡി.എം.-നെ വിളിച്ചുചോദിച്ചു. ശ്രീ. കെ. സി. ജോസഫും ശ്രീ. കെ. എം. ഷാജിയും ഞാനും ആ യോഗത്തിന് പോകാൻ തയ്യാറായിരുന്നു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ സമരപ്പന്തലിലുണ്ടായിരുന്നു. പക്ഷെ ഞങ്ങളെയാരും അറിയിക്കാതെ മറ്റെല്ലാവരെയും പ്രത്യേകമായി വിളിച്ച് സ്റ്റേജിലിരുത്തി സമാധാനയോഗം ചേർന്നത് എന്ത് ആത്മാർത്ഥതയിലാണ്? ഒരുപക്ഷെ മന്ത്രിക്കറിയാമായിരിക്കും, സമാധാനയോഗത്തിൽ ഞങ്ങളുടെ ആവശ്യമില്ലെന്ന്. കാരണം സമാധാനം ലംഘിക്കുന്ന പാർട്ടിയല്ല ഇന്ത്യൻ നാഷണൽ കോൺഗ്രസ്. 2017-ൽ കണ്ണൂരിലെ ക്രൈമിന്റെ കണക്ക് ഒരു വാർത്താസമ്മേളനം നടത്തി ഐ.ജി. പറയുകയുണ്ടായി. 2017-ൽ കണ്ണൂരിൽ സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ 208 ക്രിമിനൽ

കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ കോൺഗ്രസ് പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്തത് കേവലം 6 കേസ്സുകൾ മാത്രമാണ്. ക്രൈമിൽ ഞങ്ങൾ തുല്യപങ്കാളികളാണോ? കേരളം മനസ്സിലാക്കണം. ആ സമാധാനയോഗത്തിൽപ്പോലും ഞങ്ങളെ വിളിക്കാൻ തയ്യാറായില്ല. പ്രതികളെ പൂർണ്ണമായും പിടികൂടാൻ പോലീസിന് സാധിച്ചിട്ടില്ല. ഗൂഢാലോചന സംബന്ധിച്ച യാതൊരു അന്വേഷണവും പുരോഗമിച്ചിട്ടില്ല. ആയുധം കണ്ടെടുക്കാൻ ഇതുവരെയായിട്ടും കഴിഞ്ഞിട്ടില്ല. ബോംബ് എവിടെ നിർമ്മിച്ചുവെന്ന് മനസ്സിലാക്കാനോ ബന്ധപ്പെട്ട ആളുകളെ പിടികൂടാനോ പോലീസിന് സാധിച്ചിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥരിൽ ഒരാളായ എസ്.ഐ.-യെ നിർബന്ധിച്ച് ലീവ് എടുപ്പിക്കുന്നു, പോലീസിലെ രഹസ്യങ്ങൾ ചോർന്നുപോകുന്നുവെന്ന് എസ്.പി. തന്നെ പറയുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽപ്പോലും ഇതിന്റെ അലയടികളുണ്ടായി. ഞങ്ങൾ ഇവിടെ ഉയർത്തുന്ന പ്രതിഷേധം കണ്ടില്ലെന്ന് നടിക്കാൻ ആർക്കും സാധിക്കില്ല. തൃശ്ശൂരിൽ വച്ചുനടന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ 'കൊല്ലിക്കലല്ലടോ നിനക്ക് രസമെന്ന് കണ്ണൂരിലെ ജയരാജന്മാരെ നോക്കി കൊല്ലത്തു നിന്നുള്ള പ്രതിനിധിയായ പി. കെ. ഗോപി ചോദിച്ചില്ലേ? അങ്ങനെ ഒരു ചോദ്യം ചോദിക്കണമെങ്കിൽ ഇത്

ജനാധിപത്യകേരളം ആകെ പ്രതിഷേധിക്കേണ്ട ഏറെ ഗൗരവമുള്ള ഒരു സംഭവമാണ്. പാവപ്പെട്ട ഒരു യുവാവിന്റെ കൊലപാതകത്തെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷിക്കണം. നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം നടത്തണം. കൊല്ലിച്ചവരെയും കൊന്നവരെ മുഴുവൻ പേരെയും പിടികൂടണം, ആയുധങ്ങൾ കണ്ടെത്തണം, തെളിവുകൾ ശേഖരിക്കണം. ഇത് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ സണ്ണി ജോസഫ് വിവരിച്ച കാര്യങ്ങളിലെ ഒരു ഭാഗത്തിന് ഞാൻ നേരത്തെ തന്നെ മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതിനിർഭാഗ്യകരവും അതിക്രൂരവുമായ കൊലപാതകം തന്നെയാണ് അവിടെ നടന്നത്. സാധാരണ നിലയ്ക്ക് നമുക്കാർക്കും അതിനോട് യോജിക്കാൻ കഴിയില്ല. തീർത്തും അപലപനീയമായ ഒരു സംഭവമാണെന്ന് അത് നടന്നയുടനെ തന്നെ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഒരു കൊലപാതകത്തെയും നമുക്കാർക്കും ന്യായീകരിക്കാൻ കഴിയില്ല. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങൾ പല ഘട്ടങ്ങളിലായി ഉണ്ടായിട്ടുണ്ട്. ആ രാഷ്ട്രീയ സംഘട്ടനങ്ങളിൽ നിന്നും രാഷ്ട്രീയ പാർട്ടികൾ ബോധപൂർവ്വം മാറിനിൽക്കുക തന്നെയാണ് വേണ്ടത്. ഇക്കാര്യത്തിൽ ചെറിയ മാറ്റമല്ല, വലിയ തോതിലുള്ള മാറ്റം വരുന്നുവെന്നുള്ളത്

സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നേരത്തെയുള്ള തോതിൽ രാഷ്ട്രീയ സംഘട്ടനങ്ങളില്ലെന്നത് ശുഭസൂചകമായ കാര്യമാണ്. എന്നാൽ പൂർണ്ണമായി ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷത്തിൽ നിന്ന് ഈ വർഷം സംഭവത്തിൽ കുറവുണ്ടെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങൾ പലപ്പോഴും പലയിടത്തായി നടക്കുന്നുണ്ട്. 2016-ൽ കേരളത്തിൽ 1786 രാഷ്ട്രീയ സംഘട്ടനങ്ങളാണ് നടന്നത്. എന്നാൽ ഇപ്പോഴത് കുറയ്ക്കാനും 1522 ആക്കാനും കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയണമെങ്കിൽ രാഷ്ട്രീയസംഘട്ടനങ്ങൾ പൂർണ്ണമായി തന്നെ ഒഴിവാക്കുന്ന നിലയിലേയ്ക്ക് മാറേണ്ടതായിട്ടുണ്ട്. 2016-ൽ 15 രാഷ്ട്രീയ കൊലപാതകങ്ങളാണുണ്ടായതെങ്കിൽ 2017-ൽ അത് അഞ്ചാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കാര്യമെടുത്താൽ 30 ശതമാനത്തോളം കുറ്റകൃത്യങ്ങൾ കുറഞ്ഞിട്ടുണ്ടെന്നുള്ളതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2016-ൽ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങളാണ് അവിടെ നടന്നത്. എന്നാൽ 2017-ൽ അത് രണ്ടായി കുറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ സംഘർഷങ്ങളും സംഘട്ടനങ്ങളും നമുക്ക് പൂർണ്ണമായും ഒഴിവാക്കേണ്ടതായിട്ടുണ്ട്. ഇവിടെ രാഷ്ട്രീയ സംഘട്ടനങ്ങളുടെ കാര്യത്തിൽ ചെറിയ കുറവെങ്കിലും......., വർദ്ധനവില്ലെന്നുള്ളത് ആശ്വാസം, ചെറിയ

കുറവ് ആ ജില്ലയിലുണ്ടായിട്ടുണ്ടെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇത്തരം കാര്യങ്ങൾ കുറഞ്ഞുവന്നുവെന്ന് പറയുമ്പോൾ അതിൽ പ്രധാന രാഷ്ട്രീയ പാർട്ടികൾ വഹിച്ച പങ്ക് പ്രത്യേകം കാണേണ്ടതായിട്ടുണ്ട്.

ഇവിടെ കാണേണ്ട ഒരു വസ്തുത, ഈ സംഭവത്തിന്റെ വാർത്ത പുറത്തുവന്നയുടനെ തന്നെ ഇതുമായി ബന്ധപ്പെട്ട് പോലീസ് ജാഗ്രതയോടെ നീങ്ങിയിട്ടുണ്ട് എന്നതാണ്. കർക്കശമായ അന്വേഷണം ഇക്കാര്യത്തിലുണ്ടാകണമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ പോലീസിന് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അന്വേഷണദിശ കൃത്യമായി നിശ്ചയിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്. അക്രമത്തിനുശേഷം രക്ഷപ്പെടാനുള്ള ശ്രമം സ്വാഭാവികമായും അക്രമം നടത്തിയവർ നടത്തും. പോലീസ് പിടികൂടാതിരിക്കാനുള്ള കരുതലുകൾ അവർ സ്വീകരിക്കും. അതിൽ ഫലപ്രദമായ പ്രവർത്തനത്തിലൂടെ, പോലീസിന്റെ ഇടപെടലുകളിലൂടെ തന്നെയാണ് ഇവരെ മുഴുവൻ പേരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. കൃത്യമായി തന്നെയാണ് പോലീസ് നീങ്ങുന്നത്. ഇതുമായി ബന്ധപ്പെട്ട് ആരൊക്കെ ഉണ്ടായിട്ടുണ്ടോ അവരെല്ലാം പോലീസിന്റെ പിടിയിൽ ആകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പോലീസ് കണ്ടെത്തിയ ആളുകളെ തന്നെയാണ് ഇപ്പോൾ അറസ്റ്റ്

ചെയ്തിട്ടുള്ളത്. ഇന്ന ആളുകളെന്ന് കൃത്യമായി കണ്ടെത്തിയിട്ടുണ്ട്. ഇനിയും അന്വേഷണം തുടരുന്നതിന്റെ ഭാഗമായി, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ആർക്കെങ്കിലും ഇതിനപ്പുറമെ ബന്ധമുണ്ടെങ്കിൽ അവരെയും പോലീസ് കണ്ടെത്തുക തന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു ആശങ്കയും ഉണ്ടാകേണ്ടതായില്ല. ഇവിടെ നിഷ്പക്ഷമായി കാര്യങ്ങൾ നിർവ്വഹിക്കാനാണ് പോലീസ് തയ്യാറായിട്ടുള്ളത്. പോലീസിന് ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള കുച്ചുവിലങ്ങുമില്ല. ഇതടക്കം ഈ അടുത്തകാലത്തുണ്ടായ എല്ലാ സംഭവങ്ങളിലും പ്രതികളായിട്ടുള്ളവരെ വളരെ വേഗം അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞതിലൂടെ വ്യക്തമാകുന്നത്, സ്വതന്ത്രമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സംസ്ഥാനത്തെ പോലീസിന് കഴിയുന്നു എന്നുള്ളതാണ്. ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റ് ഒട്ടേറെ കാര്യങ്ങളുണ്ട്. കൊല ചെയ്യപ്പെട്ട ഷുഹൈബിന്റെ സഹോദരി എഴുതിയ കത്ത് ഹൃദയസ്പൃക്കാണ്. ഏത് സഹോദരി ആയാലും അച്ഛനും അമ്മയും ആയാലും സ്വാഭാവികമായി ഇക്കാര്യത്തിൽ ഉണ്ടാകുന്ന വേദന നമുക്കാർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. സർക്കാരിന് ആ വികാരം തന്നെയാണുള്ളത്. ആ വേർപാടിന്റെ വേദന ശരിയായ രീതിയിൽ തന്നെ ഉൾകൊള്ളാൻ സർക്കാരിന് കഴിയും. ആ വേദനയിലൂടെ സഹോദരി എഴുതിയ കത്ത്

അതേ നിലയിൽ തന്നെ വിലമതിക്കുകയാണ് സർക്കാർ.

അദ്ദേഹം കണ്ണൂർ ജില്ലയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമാധാനം ലംഘിക്കുന്നവരല്ലായെന്ന് പറഞ്ഞപ്പോൾ ഞാൻ കുറേ കാര്യങ്ങൾ ഓർത്തുപ്പോയി. നമ്മൾ രണ്ടുപേരും ആ ജില്ലക്കാരാണല്ലോ? ഇക്കാര്യത്തിൽ മനംനൊന്ത് നിരാഹാരം കിടക്കുന്ന രാഷ്ട്രീയ നേതാവിനെ അദ്ദേഹം പരാമർശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കാര്യം അവിടെയിരിക്കുന്നവർക്ക് എല്ലാം നല്ലതുപോലെ അറിയാവുന്നതാണ്. അത് സാധാരണ രീതിയിൽ ആയിരുന്നോ എന്നതും നമുക്ക് എല്ലാവർക്കും ഓർമ്മയുള്ളതാണ്. ഞാൻ ആ ഓർമ്മ പങ്കിടണമെങ്കിൽ പങ്കിടാം, പണ്ടത്തെ കാര്യങ്ങൾ. കണ്ണൂരിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് സമാധാനം ലംഘിക്കാത്ത അവസ്ഥയുണ്ടെന്ന് അവകാശപ്പെടാൻ കഴിയാത്ത നിലയാണ് കഴിഞ്ഞ കാലത്തെ പ്രവർത്തനത്തിലൂടെ അവിടെയുണ്ടായത്. ഇദ്ദേഹം ജില്ലാ കോൺഗ്രസ് പ്രസിഡന്റായി വന്നതിനുശേഷം....എങ്ങനെ പ്രസിഡന്റായി എന്നുള്ളതെല്ലാം അന്ന് പരസ്യമായിട്ടുള്ള കാര്യമാണ്. നിങ്ങളുടെയിടയിൽ നിന്നുള്ള തർക്കത്തിന്റെ ഭാഗമായി സംഭവിച്ച കാര്യങ്ങളാണ്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിനുശേഷം കണ്ണൂരിന്റെ സമാധാനാന്തരീക്ഷം തകർന്ന നിലയുണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ചൊവ്വാ ബാങ്കിലെ ജീവനക്കാരനായ വിനോദ്, ചിട്ടിയുടെ

പ്രവർത്തനത്തിന്റെ ഭാഗമായി രാവിലെ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ബാങ്കിനുള്ളിൽ കയറി മാരകമായി വെട്ടി പരിക്കേൽപ്പിച്ച അവസ്ഥയുണ്ടായത്. രക്ഷപ്പെട്ടു എന്നുള്ളത് അത്ഭുതം എന്ന് മാത്രമേ പറയാനുള്ളൂ. നമ്മളെല്ലാവരുടെയും ഓർമ്മയിലുള്ളതാണ് സേവ്യറി ഹോട്ടൽ. അവിടെ അങ്ങും ഭക്ഷണം കഴിച്ചിട്ടുണ്ടാകും. ഞാനും അക്കാലത്ത് പലപ്പോഴും ഭക്ഷണം കഴിക്കാൻ പോയിട്ടുള്ളതാണ്. ആ സേവ്യറി ഹോട്ടലിൽ ഭക്ഷണം വിളമ്പികൊണ്ടിരിക്കുന്ന നാണു, പ്രത്യേക കുഴപ്പക്കാരനായിട്ടുള്ള ആളൊന്നുമല്ല. ആ ഹോട്ടലിന്റെ അകത്തേയ്ക്ക് ആക്രമണം നടത്തി ബോംബ് എറിഞ്ഞതിന്റെ ഫലമായി നാണുവിന്റെ ശരീരം ചിതറിപോയ അവസ്ഥ ഉണ്ടാവുകയും ചെയ്തു. ഇതെല്ലാം നമുക്കാർക്കെങ്കിലും മറക്കാൻ കഴിയുന്ന കാര്യമല്ല. ആ സംഭവത്തിൽ കോൺഗ്രസ്, ലീഗുകാരായാലും.....ഭക്ഷണം കഴിക്കുന്നതിൽ കോൺഗ്രസ്, ലീഗ്, മാർക്സിസ്റ്റ് എന്ന കണക്കില്ല. അവിടെ ഇരുന്ന് ഭക്ഷണം കഴിച്ച എല്ലാവർക്കും പരിക്കേൽക്കുകയാണ് ചെയ്തത്. എത്രമാത്രം പ്രതിഷേധം ഉയർത്തിയ സംഭവം ആയിരുന്നു എന്നുള്ളത് ഓർക്കേണ്ടതുണ്ട്. ഇന്നലെ ബഹുമാന്യനായ മന്ത്രി, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ ആക്രമിച്ച സംഭവം ഉണ്ടായി.

ശ്രീ. കെ. സി. ജോസഫ്: സർ, മുൻ മുഖ്യമന്ത്രിയെ പരിക്കേൽപ്പിച്ച

സംഭവം......

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ കെ. സി. ജോസഫിന് അറിയാമല്ലോ; ആ സംഭവം നടന്ന സ്ഥലത്തിന് ഒരു പ്രത്യേകതയുണ്ട്. ഇദ്ദേഹം കോഫി ഹൗസിലേയ്ക്ക് കയറുന്ന സമയത്താണ് ഈ സംഭവം. ആ സ്ഥലത്തിന്റെ പ്രത്യേകത അവർക്കറിയാം. അങ്ങേയ്ക്ക് ചിലപ്പോൾ ആ സ്ഥലം അങ്ങനെ പിടികിട്ടില്ല. അതിന് നേരെ പിന്നിലാണ് കോ-ഓപ്പറേറ്റീവ് പ്രസ്സ് സ്ഥിതി ചെയ്യുന്നത്. ആ പ്രസിൽ കയറി നടത്തിയ ആക്രമണം ഓർമയുണ്ടല്ലോ? അവിടെ നടത്തിയ ആക്രമണത്തിൽ ജീവനക്കാർക്ക് മാരകമായ പരിക്കാണ് ഏറ്റത്. ഇന്നും അവിടെയുണ്ടായിരുന്ന പ്രശാന്ത് എന്ന് ആളുടെ ഒരു കൈ പൂർണ്ണമായി തകർന്ന് വികലാംഗത്വം പേറി നടക്കുകയാണ്. ഇത്തരം ഘട്ടങ്ങളിലെല്ലാം, ഇത്തരം ആക്രമണങ്ങൾ നടക്കുമ്പോൾ വെള്ള അംബാസിഡർ കാർ ഒരു ഭാഗത്ത് മാറ്റിയിട്ട് അവിടെയൊരു ശുഭ്രവസ്ത്രധാരിയായ, അതികായനായ ഒരു മനുഷ്യൻ ഇങ്ങനെ നിന്ന് ആസ്വാദിച്ചിരുന്ന കാര്യം നമ്മൾ മറക്കരുത്, അത് നമ്മൾ മറന്നുപോകരുത്. മട്ടന്നൂരിലെ പൊതുയോഗത്തിൽ ....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ശ്രീ. സണ്ണിജോസഫ് 15 മിനിട്ട് സംസാരിച്ചപ്പോൾ എല്ലാവരും നിശ്ശബ്ദരായിരുന്നല്ലോ.

ശ്രീ. പിണറായി വിജയൻ: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് കണ്ണൂരിൽ സമാധാനം ലംഘിക്കുന്നവരല്ലായെന്ന് ബഹുമാന്യനായ സണ്ണി ജോസഫ് പറഞ്ഞതിനെയാണ് ഞാൻ പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുകയാണ്. അദ്ദേഹത്തിന്റെ അടുത്ത് ഇരുന്നിട്ടും ഇവർക്ക് മനസ്സിലാകുന്നില്ല. അവിടെ ബഹളം വയ്ക്കുന്നവർക്ക് അറിയാത്ത കാര്യമാണെങ്കിൽ എന്താണെന്നുള്ളത് മനസ്സിലായികൊള്ളട്ടേ; മട്ടന്നൂരിൽ ഒരു പ്രചരണ ജാഥയുടെ യോഗത്തിൽ, ജാഥയുടെ നായകനായ രാഷ്ട്രീയ നേതാവിന്റെ പ്രസംഗം കേട്ടപ്പോൾ ജനങ്ങൾ ആകെ സ്തംഭിച്ചുപോയി. ഒരുത്തനെ വെടിവച്ച് കൊന്നിട്ട് വരുന്നതെന്നാണ് ആ യോഗത്തിൽ പ്രസംഗിച്ച രാഷ്ട്രീയ നേതാവ് പറഞ്ഞത്. അത് നാൽപ്പാടി വാസുവിനെ കൊലപ്പെടുത്തിയ സംഭവമാണ്. നാൽപ്പാടി വാസുവിനെ കൊലപ്പെടുത്താൻ ഉപയോഗിച്ചത്, ശ്രീ. കെ. സുധാകരനോടൊപ്പം ഉണ്ടായിരുന്ന ഗൺമാന്റെ റിവോൾവറായിരുന്നു എന്നുള്ളത് എല്ലാവർക്കും അറിയാം. പോലീസുകാരന്റെ റിവോൾവറായിരുന്നു എങ്കിലും വെടിവച്ചത് പോലീസുകാരനല്ലായെന്ന് അന്നേ നാട്ടുകാർ പറഞ്ഞിരുന്നു, അവിടെ കണ്ടവർ പറഞ്ഞിരുന്നു. അവരെ ഓർക്കേണ്ട കാര്യം, മട്ടന്നൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ സുധാകരൻ ഉൾപ്പെടെ 12 പ്രതികളാണ് ഉണ്ടായിരുന്നത്. ഇവിടെ

ഇടയ്ക്കിടയ്ക്ക് ജയരാജന്റെ പേര് വിളിച്ചുപറയുന്നതായി കേൾക്കുന്നുണ്ട്. അത് സഖാവ് ഇ. പി. ജയരാജനെയാണെന്നാണ് തോന്നുന്നത്. ഇപ്പോൾ സഖാവ് ഇ. പി. ജയരാജൻ നമ്മോടൊപ്പം ജീവിച്ചിരിക്കുന്നുവെന്നത് മഹാ ആശ്ചര്യകരമായ കാര്യമാണല്ലോ. ചാണ്ഡിഗഢിലെ പാർട്ടി കോൺഗ്രസ് കഴിഞ്ഞ് തിരിച്ചുവരുന്ന ശ്രീ. ഇ. പി. ജയരാജനെ കൊലപ്പെടുത്തുന്നതിനുവേണ്ടി തോക്കും കൊടുത്ത് ആളെ അയച്ചത് ആരായിരുന്നു? ഇതൊക്കെ ബഹുമാന്യരായ സണ്ണി ജോസഫിനും കെ. സി. ജോസഫിനുമൊക്കെ അറിയാത്ത കാര്യമല്ലല്ലോ. ആര് തോക്ക് വാങ്ങി കൊടുത്തയച്ചു; അതിനുവേണ്ടി ഉപയോഗിച്ചത് ആരെയായിരുന്നു? ബഹുമാന്യനായ ഒ. രാജഗോപാലിന്റെ സംഘടനയിൽപ്പെട്ട ആളുകളെയായിരുന്നു അതിനുവേണ്ടി ഉപയോഗിച്ചതെന്നുള്ളത് അറിയില്ലേ? അന്നത്തെ ആർ.എസ്.എസ്. പ്രവർത്തകരായ ചിലരെ വാടക കൊലയാളികളാക്കി തോക്ക് കൊടുത്ത് അയയ്ക്കുകയായിരുന്നില്ലേ? ട്രെയിനിനകത്തുവച്ച് വെടിവച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്. അദ്ദേഹം ഭാഗ്യത്തിന് രക്ഷപെട്ട് നമ്മോടൊപ്പം നിൽക്കുന്നുവെന്ന് മാത്രം. ആ സംഭവത്തിന്റെ നായകത്വം നിങ്ങൾ മറന്നുപോയോ? ഇതുപോലെ നിങ്ങളുടെ

കൂടെയുണ്ടായിരുന്ന പുഷ്പരാജ് കണ്ണൂരിലെ അറിയപ്പെടുന്ന കോൺഗ്രസുകാരനായിരുന്നു. ആ പുഷ്പരാജിനെയാണ് വധിക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ ശ്രമം നടന്നത്. ഇത്തരം കാര്യങ്ങൾ മറന്നുപോകാൻ പാടുണ്ടോ? കണ്ണൂരിലെ സമാധാനം ലംഘിക്കുന്നവരല്ല കോൺഗ്രസുകാരെന്ന് പറയുമ്പോൾ, സമാധാനത്തിന്റെ അപ്പോസ്തലനായിട്ടാണല്ലോ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ എല്ലാവരും കാണുന്നത്. അദ്ദേഹത്തെ ആക്രമിക്കാൻ പുറപ്പെട്ടത് ഏത് രീതിയിലാണ്? ഇത്തരത്തിലുള്ള അക്രമ സംഭവങ്ങൾ നടത്തിയിട്ടും അത്തരത്തിലുള്ളവരല്ല കോൺഗ്രസ്സെന്ന് കണ്ണൂരിലെ കോൺഗ്രസിന്റെ പ്രധാനിയായ ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് തീർത്തും വസ്തുതാ വിരുദ്ധമായ കാര്യമാണെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാണ്. സംസ്ഥാനത്ത് ഏത് തരത്തിലുള്ള ദൗർഭാഗ്യകരമായ അക്രമ സംഭവങ്ങളുണ്ടായാലും ആ അക്രമം നടത്തുന്നത് ആരാണെന്ന് നോക്കുന്ന പ്രശ്നമേയില്ല. ആര് അക്രമം നടത്തിയാലും അവർക്കെതിരെ കർക്കശമായ നടപടികളുണ്ടാകും. പോലീസ് നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കും. അക്കാര്യത്തിൽ ആർക്കും

ആശങ്കയുണ്ടാകേണ്ടതില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ചാണ് ശ്രീ. എ. കെ. ബാലൻ അവിടെ സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയത്. അവിടെ ചില നിർഭാഗ്യകരമായ സംഭവങ്ങളുണ്ടായതിനാൽ ഞങ്ങളുടെ ആളുകൾക്ക് അവിടെ വാക്കൗട്ട് നടത്തേണ്ടിവന്നു. സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസിയെക്കൊണ്ടും അന്വേഷിക്കാൻ തയ്യാറാണെന്ന് ശ്രീ. എ. കെ. ബാലൻ പരസ്യമായി പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രതിനിധിയായി പോയ ശ്രീ. എ. കെ. ബാലൻ അവിടെ പ്രഖ്യാപിച്ച സി.ബി.ഐ. അന്വേഷണം നടത്താൻ സർക്കാർ തയ്യാറാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: അക്കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നുണ്ടായിരുന്നു. ഏതായാലും അക്കാര്യം അങ്ങ് ഓർമ്മിപ്പിച്ചത് നന്നായി. സമാധാന സംഭാഷണത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്. ഈ സംഭവമുണ്ടായപ്പോൾ അത് കൂടുതൽ പ്രശ്നങ്ങളിലേയ്ക്കും രാഷ്ട്രീയ സംഘർഷങ്ങളിലേയ്ക്കും പോകാതിരിക്കാൻവേണ്ടി സമാധാന

സംഭാഷണം നടത്തുന്നത് ഉചിതമല്ലേയെന്ന ആലോചന വന്നതിന്റെ ഭാഗമായി ഞാൻ ആദ്യം വിളിച്ചത് ബഹുമാന്യനായ പ്രതിപക്ഷനേതാവിനെയാണ്. ഞാൻ അദ്ദേഹത്തെ അതിരാവിലെ വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ ഫോൺ ഓഫ് ആയിരുന്നു. തുടർന്ന് ഞാൻ കെ.പി.സി.സി. പ്രസിഡന്റിനെ വിളിച്ചപ്പോൾ ആ സമയത്ത് അദ്ദേഹത്തിന്റെ ഫോണും ഓഫ് ആയിരുന്നു. അതുകൊണ്ട് മറ്റേതെങ്കിലും മാർഗ്ഗത്തിൽ പ്രതിപക്ഷനേതാവിനെ ഫോണിൽ കിട്ടാൻവേണ്ടി ചുമതലപ്പെടുത്തുകയും അല്പസമയം കഴിഞ്ഞപ്പോൾ പ്രതിപക്ഷനേതാവിനെ കിട്ടുകയും ചെയ്തു. ഒരു സമാധാന സംഭാഷണം നടത്താൻ ആലോചിക്കുന്നുണ്ടെന്ന് ഞാൻ അദ്ദേഹത്തോട് പറയുകയും അദ്ദേഹം മറ്റുള്ളവരുമായി ആലോചിച്ച് മറുപടി പറയാമെന്ന് പറയുകയും ചെയ്തു. സ്വാഭാവികമായും ഒരു രാഷ്ട്രീയ നേതാവിന് അങ്ങനെ പറയാനേ സാധിക്കുകയുള്ളൂ. എല്ലാവരുമായി പരസ്പരം ആലോചിക്കണം. എല്ലാവരും പരസ്പരം ആലോചിച്ച് മറുപടി നൽകിയതാണല്ലോയെന്ന ധാരണയിൽ ഞാൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എം. എം. ഹസ്സനെ വിളിച്ചില്ല. അങ്ങനെയൊരു സമാധാന സംഭാഷണം നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. യഥാർത്ഥത്തിൽ

ജനപ്രതിനിധികൾ അവിടെയുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നമെന്ന് നമുക്കെല്ലാവർക്കും അറിയാം. കോൺഗ്രസിനകത്തുള്ള എന്തോ തർക്കമാണ് അവിടെയുണ്ടായ പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോൺഗ്രസിനകത്ത് ഒരു പ്രശ്നവുമില്ല.

ശ്രീ. പിണറായി വിജയൻ: ഈ സംഭവം നടന്നപ്പോൾ അവിടത്തെ ഡി.സി.സി. പ്രസിഡന്റ് ഒരു ദിവസത്തെ നിരാഹാരം കിടന്നു. അദ്ദേഹം ഒരു ദിവസത്തെ നിരാഹാരം കിടന്നപ്പോൾ രണ്ട് ദിവസം ഞാൻ നിരാഹാരം നടത്താമെന്ന മട്ടിൽ ശ്രീ. കെ. സുധാകരൻ സമരം ആരംഭിച്ചു. രണ്ട് ദിവസമായപ്പോൾ പിന്നെ അത് ദീർഘിപ്പിക്കുന്ന നിലയിലായി. ഇതൊക്കെ എല്ലാവരും കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന കാര്യമാണ്. ആരാണെന്നില്ലാതെ എല്ലാ പ്രതികളെയും പിടികൂടാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കാനുമാണ് സർക്കാർ ഉദ്ദേശിച്ചത്. സാധാരണ നിലയ്ക്ക് ഇത് നമ്മളെല്ലാം ചെയ്യുന്ന കാര്യമാണ്. അതിൽ എല്ലാ ഉത്തരവാദപ്പെട്ടവരും സഹകരിക്കുക എന്നതാണല്ലോ ആവശ്യം. ഇതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് പ്രതികളെ പിടിക്കുന്നില്ല, പ്രതികളായവരെയല്ല പിടിച്ചത്, യഥാർത്ഥ പ്രതികളെയല്ല പിടിച്ചത് എന്നുള്ള

ചില പരാതികൾ ഉയർന്നുവന്നു. അങ്ങനെയുള്ള പരാതിയുണ്ടെങ്കിൽ ഏത് അന്വേഷണവും നടത്താമെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയൊരു പരാതിയുണ്ടെങ്കിൽ നിങ്ങൾ ആ പരാതി ഉന്നയിച്ചാൽ ഏത് അന്വേഷണവുമാകാം. പോലീസ് പ്രതികളെ പിടികൂടിയപ്പോൾ ആ പ്രതികൾ യഥാർത്ഥ പ്രതികളല്ലെന്ന് ആദ്യം ഒരു പ്രതികരണമുണ്ടായിരുന്നു. പക്ഷേ പിന്നീട് അത് യഥാർത്ഥ പ്രതികളാണെന്ന് പറഞ്ഞതായി കേൾക്കുന്നുണ്ട്. പ്രതികളല്ലന്നുള്ള നിലപാടുണ്ടെങ്കിലാണല്ലോ മറ്റൊരു പ്രശ്നം വരുന്നത്. അന്വേഷണ ഏജൻസിയെ നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിന് ഒരു തരത്തിലുമുള്ള വൈമുഖ്യവും ഉണ്ടായിട്ടില്ലെന്ന് പ്രതിപക്ഷനേതാവിനും മറ്റെല്ലാവർക്കും അറിയാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ മുഖ്യമന്ത്രിയെ വിളിച്ച് സംസാരിച്ചതിനുശേഷമാണ് ഷുഹൈബിന്റെ വാപ്പയും ഉമ്മയും എഴുതിയ കത്ത് അങ്ങേയ്ക്ക് അയയ്ക്കുന്നത്. ബഹുമാന്യനായ സാംസ്കാരിക വകുപ്പുമന്ത്രി എ. കെ. ബാലൻ പത്രസമ്മേളനത്തിൽ പറഞ്ഞതാണ് അങ്ങനെയൊരു കത്തയയ്ക്കാൻ കാരണം. സി.ബി.ഐ. അന്വേഷണം വേണമെന്നാണ്

അദ്ദേഹത്തിന്റെ ഉപ്പയും ഉമ്മയും ആവശ്യപ്പെട്ടത്. ഇതിനകത്ത് ഗൂഡാലോചന ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. 120 (b) അനുസരിച്ചുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകേണ്ടതായിട്ടുണ്ട്. പര്യാപ്തമായ ഒരന്വേഷണമല്ല നടക്കുന്നതെന്ന വിശ്വാസം ആ കുടുംബത്തിനുണ്ട്. അന്വേഷണ ഏജൻസിയുടെ മറവിൽ അത് തകർക്കേണ്ട കാര്യമൊന്നുമില്ല. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടപ്പോൾ പണ്ട് ഞങ്ങളും കൊടുത്തിട്ടുണ്ട്. അതുകൊണ്ട് കേരള പോലീസിന് ഒരു ദോഷവുമുണ്ടാകില്ല. ശ്രീ. എ. കെ. ബാലൻ അവിടെ പരസ്യമായി പ്രഖ്യാപിച്ചതിനെ അങ്ങ് വളച്ചൊടിക്കരുത്. അങ്ങ് ചുമതലപ്പെടുത്തിയതനുസരിച്ച് അവിടെ വന്ന മന്ത്രി, സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസി അന്വേഷിക്കുന്നതിനും ഞങ്ങൾക്ക് വിരോധമില്ലെന്ന് പറഞ്ഞതിനോട് അങ്ങും ഗവൺമെന്റും ഉറച്ച് നിൽക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അന്വേഷണത്തെക്കുറിച്ച് പരാതിയുണ്ടോ എന്നുള്ളതാണ് പ്രശ്നം. അന്വേഷണം കൃത്യമായ റൂട്ടിലാണ് പോകുന്നത്. അതനുസരിച്ച് പ്രതികളെ കൃത്യമായി പിടികൂടിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇനിയും ആരെങ്കിലുമുണ്ടെങ്കിൽ അവരേയും ഈ അന്വേഷണത്തിന്റെ വഴിയിൽത്തന്നെ കണ്ടെത്തും. അക്കാര്യത്തിൽ

ഒരാശങ്കയും ആവശ്യമില്ല. ഫലപ്രദമായി അന്വേഷണം നടത്തുന്ന ഒരു ഏജൻസിയായിട്ടാണ് ഇപ്പോൾ കേരള പോലീസ് നിൽക്കുന്നത്. അക്കാര്യം പ്രതിപക്ഷനേതാവിനും അറിയാവുന്നതാണ്. കുടുംബത്തിന് ഇങ്ങനെയൊരു വികാരം വന്നിരിക്കുന്നു എന്നുള്ളതാണ് ഇവിടെയുണ്ടായ പ്രശ്നം. കുടുംബത്തിന് വികാരം വന്നത് സ്വാഭാവികമാണ്. ആദ്യ ഘട്ടത്തിൽ പ്രതികളെ പിടികൂടിയിരുന്നില്ല. ആ ഘട്ടത്തിൽ അവർക്ക് വികരമുണ്ടാകും. ആ വികാരത്തെ സർക്കാർ മാനിക്കുന്നു. യഥാർത്ഥത്തിൽ പ്രതികളെ എല്ലാവരെയും പിടികൂടിക്കഴിഞ്ഞു. ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ ചെയ്യേണ്ടതുണ്ടോ അതെല്ലാം ഫലപ്രദമായും വളരെ കാര്യക്ഷമമായും കേരള പോലീസ് നിർവ്വഹിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. അതുകൊണ്ടുതന്നെ സി.ബി.ഐ.-യുടെ അന്വേഷണമെന്നത് ഇപ്പോൾ ഉദിക്കുന്ന ഒരു പ്രശ്നമല്ല. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു പ്രശ്നവും ഇതിലടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, 'Here's the smell of the blood still. All the perfumes of Arabia will not sweeten this little hand'-എന്ന് വില്യം ഷേക്സ്പിയറിന്റെ പ്രശസ്തമായ മാക്ബത്തിൽ ലേഡി മാക്ബത്തിന്റെ അതിപ്രശസ്തമായൊരു വാചകമുണ്ട്. അറേബ്യയിലെയും മറ്റെല്ലാ സുഗന്ധദ്രവ്യങ്ങളുപയോഗിച്ച് കഴുകിയാലും മുഖ്യമന്ത്രി, സി.പി.എം-ന്റെ കയ്യിൽ പുരണ്ടിരിക്കുന്ന രക്തം മാറില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനം ഭരിക്കുന്ന സി.പി.എം.-ന്റെ കൈകളിൽ ചോര മണക്കുകയാണ്. മനുഷ്യന്റെ ചുടുചോര കണ്ടിട്ടും പാർട്ടിക്ക് തൃപ്തിയായില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിലുടനീളം നമുക്ക് കാണാൻ കഴിയുന്നത്. കടുവകൾ നര ഭോജികളാകുമെന്ന് നമ്മൾ കേട്ടിട്ടുണ്ട്. മനുഷ്യ രക്തത്തിന്റെ രുചി പിടിച്ചുകഴിഞ്ഞാൽ കടുവകൾ മനുഷ്യരെ കൊന്ന് തിന്നുകൊണ്ടേയിരിക്കും. മനുഷ്യ രക്തത്തിന്റെ രുചി സംസ്ഥാനം ഭരിക്കുന്ന സി.പി.എം.-നു പിടിച്ചിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം 23 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ജില്ലയിൽ അക്രമങ്ങൾ

കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പി. ജയരാജനോട് നിർദ്ദേശിച്ചതുകൊണ്ടാകും അവിടെ സംഘടനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. നമ്മുടെ സംസ്ഥാനത്ത് ആകെ 23 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് (സി.പി.എം.- 4, ബി.ജെ.പി/ആർ.എസ്.എസ് 14, മുസ്ലീം ലീഗുകാർ -3, കോൺഗ്രസ്-1). 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസംഗം ഈ നിയമസഭയിൽ ഉണ്ടായിരുന്നു. ക്രൗര്യം കൊണ്ട് ഒന്നിനും പരിഹാരമാകുന്നില്ലെന്ന് പറഞ്ഞു മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിനുശേഷം കേരളത്തിൽ നടന്നത് 13 രാഷ്ട്രീയ കൊലപാതകങ്ങളാണ്. അതിൽ 10 കേസിലെയും പ്രതികൾ സി.പി.എം. പ്രവർത്തകരാണ്. കൊലപാതകത്തെപ്പറ്റി അപലപിക്കുകയുണ്ടായെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാണ് അപലപിച്ചത്; ഷുഹൈബിന്റെ കൊലപാതകം നടന്ന് 6 ദിവസം കഴിഞ്ഞിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിണ്ടാതിരുന്നു. ഓഖി ദുരന്തമുണ്ടായിട്ടും 6 ദിവസവും കടലോരങ്ങൾ സന്ദർശിക്കുകയുണ്ടായില്ല. മധു എന്ന ആദിവാസി യുവാവ് മരണപ്പെട്ടപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെയൊന്നു പോകാനുള്ള മനസ്സ് കാണിച്ചില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോലും പോയില്ല. അത് അദ്ദേഹത്തിന്റെ കാര്യം. ഞാൻ അക്കാര്യം വിടുന്നു. പൊതുപ്രവർത്തകർക്കും

സമൂഹത്തിനും വേണ്ടൊരു കാര്യമാണ് കംപാഷൻ. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങൾ കുറയുന്നുവെന്ന് പറഞ്ഞു, കുറയുകയാണോ; ഇന്നലെ മുസ്ലീം ലീഗിന്റെ ഒരു പ്രവർത്തകനെ കൊലപ്പെടുത്തിയെന്ന വാർത്തയാണ് രാവിലെ നമ്മളെ സ്വാഗതം ചെയ്തത്. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിക്കുന്നു. ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയാണ്. ജനക്കൂട്ടം ആളുകളെ കൊല്ലുന്ന അവസ്ഥയിലേയ്ക്ക് എത്തുകയാണ്, അത് വേറൊരു വിഷയമാണ്. അതിനെക്കുറിച്ച് ഞാൻ പിന്നീട് സംസാരിക്കാം. ഈ സർക്കാർ അധികാരത്തിലേറിയശേഷം രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങളുടെ വിളഭൂമിയായി കണ്ണൂർ മാറുകയാണ്. അതിമനോഹരമായ കണ്ണൂരിനെ കൊലപാതകത്തിലേയ്ക്കും അക്രമത്തിലേയ്ക്കും എത്തിക്കുന്നതാരാണ്; ബഹുമാന്യനായ അങ്ങ് കൊലപാതകങ്ങളെപ്പറ്റി പറഞ്ഞല്ലോ? അങ്ങ് മറന്നുപോകാതിരിക്കാൻ ചില കൊലപാതകങ്ങളുടെ കാര്യം ഓർമ്മിപ്പിക്കട്ടെ. ടി. പി. ചന്ദ്രശേഖരനെ 51 വെട്ടുകൾ വെട്ടി കൊലപ്പെടുത്തിയതും ഷുക്കൂറിനെ പരസ്യ വിചാരണ നടത്തി കൊന്നതും തലശ്ശേരിയിലെ ഫസലിനെ വെട്ടിനുറുക്കി കാരായിമാർ കൊന്നതും ശ്രീ. കെ. സുധാകരൻ ഡി.സി.സി പ്രസിഡന്റായിരുന്നപ്പോഴാണോ; ഷുഹൈബിന് 41 വെട്ടുകളാണുണ്ടായിരുന്നത്.

നാദാപുരത്തെ അസ്ലമിന്റെ ശരീരത്തിൽ 68 വെട്ടുകളാണുണ്ടായിരുന്നത്. ശ്രീ. കെ. സുധാകരൻ ഡി.സി.സി പ്രസിഡന്റായിരുന്നപ്പോഴാണോ വാടിക്കൽ രാമകൃഷ്ണനെ കൊലപ്പെടുത്തിയത്; വാടിക്കൽ രാമകൃഷ്ണന്റെ കൊലപാതകം എങ്ങനെയുണ്ടായി; അക്രമങ്ങളെപ്പറ്റി ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കല്യാണം ചന്ദ്രൻ, കാപ്പാട് വസുന്ധരൻ, മുഴപ്പിലങ്ങാട് ശ്രീകാന്ത്, ഇടയ്ക്കാട് ശ്രീനിവാസൻ, കുടാളി അനീഷ്, നെട്ടൂർ ഗോവിന്ദൻ, വിളയ്ക്കൽ യോഹന്നാൻ, സജിത്ത് ലാൽ, ഓച്ചേരി ബാലകൃഷ്ണൻ, ആന്തൂർ ദാസൻ, ഇലക്കണ്ടി പ്രഭാകരൻ, ബെന്നി എബ്രഹാം, കാടാച്ചിറ ബാലൻ, കക്കറ പത്മനാഭൻ എന്നീ പാവപ്പെട്ട ആളുകളെ കൊന്നതാരാണ്; എങ്ങനെയാണ് കൊന്നത്; ഇനിയുമുണ്ട് ആൾക്കാർ. സമയച്ചുരുക്കം കൊണ്ട് എല്ലാവരുടേയും പേരുകൾ ഞാൻ വായിക്കുന്നില്ല. ഇവരെല്ലാം കോൺഗ്രസ്സുകാരായിരുന്നു. ഇവരെയെല്ലാം നിഷ്ഠൂരമായി വധിച്ചത് സി.പി.എം-ന്റെ ആളുകൾ തന്നെയായിരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് അറിയാവുന്ന പേരുകാളാണിതെല്ലാം. എല്ലാവരും കോൺഗ്രസ്സുകാരാണ്. അങ്ങ് രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞല്ലോ, ഈ ആളുകളെ കൊന്നതാരാണ്; ഇവരുടെ കുടുബങ്ങളെ അനാഥരാക്കിയതാരാണ്; ബഹുമാന്യനായ മുഖ്യമന്ത്രി നിരാഹാരത്തെ പുച്ഛിക്കും. കാരണം നിരാഹാരത്തോട് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും എതിർപ്പുണ്ട്. അവരൊക്കെ നല്ല ആഹാരം കഴിച്ച

ജീവിക്കുന്നവരായതുകൊണ്ട് നിരാഹാരം കിടക്കുന്നവരോട് പുച്ഛമാണ്. ഒരു നിരാഹാര സത്യാഗ്രഹിയെക്കുറിച്ച് പുച്ഛത്തോടെ സംസാരിച്ചതിൽ ഞാൻ ശക്തമായി അപലപിക്കുകയാണ്. അത് ഒരിക്കലും ശരിയായില്ല. നിരാഹാരം കിടക്കുന്നയാളെ ആരും പുച്ഛത്തോടെ കാണുകയില്ല. ഒരു കാരണവുമില്ലാതെയാണ് കൊലപാതകം ഉണ്ടായിരിക്കുന്നത്. മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന ഷുഹൈബ് എന്ന ഓമനത്വമുള്ള ചെറുപ്പക്കാരനെ വെട്ടിക്കൊലപ്പെടുത്താൻ കാരണമെന്താണ്; എന്തെങ്കിലും ഒരു സംഘട്ടനമോ വലിയ പ്രശ്നങ്ങളോ തമ്മിലടിയോ അക്രമങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം മനസ്സിലാകും. Self defence-നുവേണ്ടിയാണെങ്കിൽ അംഗീകരിക്കാമെന്നാണ് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. സ്വയരക്ഷാവാദം ഇവിടെയുണ്ടോ? ഷുഹൈബ് എന്ന ഓമനത്വമുള്ള ഒരു ചെറിയ കുട്ടിയെ എന്തിനാണ് കൊന്നത്; മൂന്ന് സഹോദരിമാരുടെ ഏക സഹോദരനായ നാട്ടിലെ ജനങ്ങളുടെ കണ്ണിലുണ്ണിയായ ഷുഹൈബിനെ കൊല്ലാനുള്ള കാരണമെന്താണ്; സെൽഫ് ഡിഫൻസാണെങ്കിൽ അതുണ്ടാകാനുള്ള സാഹചര്യം ഇവിടെയുണ്ടോ; ഇടയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.എഫ്.ഐ./കെ.എസ്.യു. തമ്മിലുള്ള കൊടിയുമായി ബന്ധപ്പെട്ട ചെറിയൊരു തർക്കമായിരുന്നു. ഈ ചെറുപ്പക്കാരനെ കൊല്ലേണ്ട എന്ത് സാഹചര്യമാണിവിടെ

ഉണ്ടായത്; മൃഗങ്ങൾക്കുപോലും ചെയ്യാൻ കഴിയുന്ന കാര്യമല്ല ഇത്. ആ കൊലപാതകത്തെപ്പറ്റി ശ്രീ. സണ്ണി ജോസഫ് പറഞ്ഞു. ഒരു മഴുകൊണ്ട് വൃക്ഷത്തിന്റെ ശിഖരങ്ങൾ വെട്ടി മാറ്റുന്നതുപോലെ ആ ചെറുപ്പക്കാരന്റെ കാലുകൾ വെട്ടിമാറ്റിയ അതിദാരുണമായ സംഭവമാണ് അവിടെ ഉണ്ടായത്. ആ കേസിൽ പോലീസ് കസ്റ്റഡിയിലുള്ള പ്രതി ആകാശ് തില്ലങ്കേരി ആരാണ്. ഇവരോടുള്ള ബന്ധം എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവർക്കും സെൽഫിക്കുവേണ്ടി നിന്നുകൊടുക്കുന്ന ആളല്ല. അടുത്ത് നിൽക്കുന്ന കുട്ടികളെങ്ങാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ തട്ടിയാൽ അദ്ദേഹം ആ കുട്ടികളെ ശാസിക്കും. ആകാശ് തില്ലങ്കേരിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രീ. പി. ജയരാജന്റെയും സെൽഫിയുണ്ട്. നമുക്ക് ഭരണമുണ്ട് അതുകൊണ്ട് കൊല നടത്തിയാലും പാർട്ടി രക്ഷിക്കുമെന്നാണ് അദ്ദേഹം മൊഴിയിൽ പറഞ്ഞത്. ഡമ്മി പ്രതികളെയിറക്കി പാർട്ടി സംരക്ഷിക്കുമെന്നാണ് മൊഴി. ഇത് ഞാൻ പറഞ്ഞതല്ല, ആകാശ് തില്ലങ്കേരി പോലീസിന് കൊടുത്ത മൊഴിയാണ്. സംസ്ഥാന ഭരണം ഉപയോഗിച്ച് പാർട്ടി കൊലപാതകങ്ങൾ നടത്തി ആ കൊലപാതകികളെ രക്ഷിക്കുന്ന നടപടികളാണ് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. തല്ലിയാൽ പോര വെട്ടുകതന്നെ ചെയ്യണമെന്നാണ് മൊഴി. അത് നേതാക്കൾ ആവശ്യപ്പെട്ടുവെന്നാണ് മൊഴി.

കൊല്ലാൻ ആളിനെ വിടുന്നൊരു പാർട്ടി എങ്ങനെ ജനകീയ പാർട്ടിയാകും; ഞാൻ അവിടെ പോയിരുന്നു. താൽക്കാലികമായി ഉണ്ടാക്കിയ ചായക്കടയാണ്. ആ ചായക്കടയിലെ ബെഞ്ചിലാണ് ഷുഹൈബ് ഇരുന്നിരുന്നത്. ആദ്യം വന്ന് രണ്ട് ബോംബ് എറിഞ്ഞു. പിന്നീട് ഈ ചെറുപ്പക്കാരനെ താഴെയിട്ട് വെട്ടുന്നു. ഒരാൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷമുണ്ടാക്കി ആളുകളെ കൊല്ലാൻ ശ്രമിക്കുകയാണെങ്കിൽ യു.എ.(പി)എ സെക്ഷൻ 15 അനുസരിച്ചാണ് കേസ് എടുക്കേണ്ടത്. എന്തുകൊണ്ടാണ് യു.എ.(പി) എ. സെക്ഷൻ 15 (The Unlawful Activities (Prevention) Amendment Act Section 15 അനുസരിച്ച് കേസ് എടുക്കാത്തത്? ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഇത് പറയുമെന്ന് കരുതി. അത് ചെയ്തില്ല. ഇവിടെ സംഭവിച്ചിരിക്കുന്നതെന്താണ്? അത് ന്യായമായ സംശയമാണ്. ഇതേ സമയങ്ങളിലാണ് ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ പുറത്തിറങ്ങിയിരിക്കുന്നത്, അതുസംബന്ധിച്ച മുഴുവൻ രേഖകളും എന്റെ കൈവശമുണ്ട്. ടി. പി. ചന്ദ്രശേഖരനെ വധിച്ച അതേ രീതിയിലാണ് ഷുഹൈബിനെയും വധിച്ചത്. ഈ സമയത്ത് പുറത്തിറങ്ങി, വെളിയിൽ നിൽക്കുന്ന പ്രതികൾക്ക് ഈ കൊലപാതകവുമായി ബന്ധമുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ? ടി. പി. ചന്ദ്രശേഖരനെ കൊലപ്പെടുത്തിയ

അതേ രീതിയിലുള്ള കൊലപാതകമാണ് ഇവിടെ നടന്നത്. പോലീസ് അന്വേഷണം നടത്തുന്നില്ലെന്ന് മാത്രമല്ല, ഇതു സംബന്ധിച്ച് ഒരക്ഷരം പോലും സംസാരിച്ചിട്ടില്ലെന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രസംഗം നിയമസഭയിൽ കേട്ടതാണ്. അനുയായികൾ നിരന്തരം കൊലപാതകം നടത്തുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇത്ര മനോഹരമായി എങ്ങനെ സംസാരിക്കാൻ സാധിക്കുന്നുവെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ഇടതുമുന്നണിയുടെ കാലഘട്ടമായ ഇന്ന് കൊലയാളികൾക്ക് സുവർണ്ണകാലമാണ്. ഒരു കൊല നടത്തിയാൽ അവരെ പാർട്ടി സംരക്ഷിക്കും. ഇവിടെകൊലയാളി സംഘങ്ങൾക്കുവേണ്ടി കോടികൾ പിരിക്കുന്നു. സഹകരണ ബാങ്കിൽ ജോലി കൊടുക്കുന്നു. പാർട്ടിയോഗങ്ങളിൽ പോലും അവരെ പങ്കെടുപ്പിക്കാൻ യാതൊരു മടിയുമില്ല. അവർ ജയിലുകളിൽ പോയാലുള്ള സ്ഥിതിയെന്താണ് ? ഇത്തരം കൊലയാളികൾക്ക് കണ്ണൂർ ജയിലിൽ ഫൈവ്സ്റ്റാർ സൗകര്യങ്ങളാണ്, സുഖ ചികിത്സ നൽകുകയാണ്. അതിനെപ്പറ്റി പുറത്തുപറയുന്ന ജയിൽ ഉദ്യോഗസ്ഥന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഉത്തരേന്ത്യയിൽ സംഘ്പരിവാറും ആർ.എസ്.എസ്സും ചെയ്യുന്നത് ഇതുതന്നെയാണ്. ജാദ്രിയിൽ പശു ഇറച്ചി ഫ്രിഡ്ജിൽ സൂക്ഷിച്ചെന്ന് പറഞ്ഞതിന് തല്ലിക്കൊന്ന അഖ്ലാക്കിന്റെ

കൊലയാളികൾക്ക് അവിടുത്തെ ബി.ജെ.പി. സർക്കാർ എൻ.ടി.പി.സി.യിൽ ജോലി നൽകി. അതിനുപകരം ഇവിടെ സഹകരണസംഘങ്ങളിൽ ജോലി നൽകുകയാണ്. ചുവപ്പ് ഭീകരതയും കാവി ഭീകരതയും നമ്മുടെ സംസ്ഥാനത്തെ അപകടത്തിലാക്കുകയാണ്. ഇവർ പിടിക്കുന്ന കൊടിയിൽ മാത്രമേയുള്ളൂ വ്യത്യാസം. കൊലപാതകത്തിന്റെ കാര്യത്തിൽ ആർ.എസ്.എസ്.-നും സി.പി.ഐ.(എം.)-നും ഒരേ മനോഭാവമാണ്, ഒരേ രീതിയിലാണ് കൊലപാതകങ്ങൾ നടത്തുന്നത്. ഷുഹൈബിന്റെ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. ഞാൻ ആഭ്യന്തരമന്ത്രിയായിരുന്നപ്പോഴാണ് മുഴക്കുന്നം പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. അന്ന് എനിക്ക് അവിടെ പോകാൻ സാധിക്കാത്തതിനാൽ ശ്രീ. കെ. സി. ജോസഫാണ് അത് ഉദ്ഘാടനം ചെയ്തത്. പ്രതിയെ പിടിക്കാൻ മുന്നോട്ടുവന്ന ആ സ്റ്റേഷനിലെ എസ്.ഐ എന്തിനാണ് നാലഞ്ച് ദിവസത്തേയ്ക്ക് അവധി എടുത്തത്. കണ്ണൂർ എസ്.പി. അന്വേഷണ സംഘത്തിൽ നിന്നും വിവരങ്ങൾ ചോരുന്നുവെന്ന് കണ്ണൂർ ഡി.ജി.പി. യോടും ഐ.ജിയോടും പരാതി പറയുന്നു. എസ്.പി.ക്കും എസ്.ഐ.ക്കും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. എന്നിട്ടും മുഖ്യമന്ത്രി പറയുന്നതെന്താണ്? ഞങ്ങൾ മുഖം നോക്കാതെ നടപടികൾ സ്വീകരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. പോലീസിൽ കീഴടങ്ങിയ പ്രതികൾ

യഥാർത്ഥ പ്രതികളല്ലെന്ന് പറഞ്ഞത് ആരാണ്; ഞാനല്ല അത് പറഞ്ഞത്, സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനാണത് പറഞ്ഞത്. യഥാർത്ഥപ്രതികളാണെന്ന് എ.ഡി.ജി.പി.(നോർത്ത്) രാജേഷ് ദിവാൻ പറയുന്നു. ഞങ്ങൾ ആര് പറയുന്നതാണ് വിശ്വസിക്കേണ്ടത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഷുഹൈബ് കൊലപാതകവുമായി ബന്ധപ്പെട്ട് അഞ്ച് പ്രതികളെ പിടിച്ചിട്ടുണ്ട്. അതിൽ ആദ്യത്തെ പ്രതി ആകാശ് തില്ലങ്കേരിയാണ്. ദൃക്സാക്ഷി എന്നുപറയുന്ന നൗഷാദ് പറയുന്നത്, ഇത് കേൾക്കാൻ ശ്രീ. സണ്ണി ജോസഫിന് ലേശം ബുദ്ധിമുട്ടുണ്ടാകുമെന്ന് എനിക്കറിയാം. ആകാശ് തില്ലങ്കേരി പ്രതിയല്ല, അദ്ദേഹമല്ല കൊലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ശരീരഭാഷ ഞാൻ കണ്ട പ്രതിക്ക് സമാനമല്ല എന്ന് ആരാണ് പറഞ്ഞത്? പ്രതികളെ രക്ഷപ്പെടുത്താൻ ആരാണ് ശ്രമം നടത്തിയത്? ആ പ്രതിയെ സംബന്ധിച്ച ഐഡന്റിഫിക്കേഷൻ നടന്നതിനുശേഷം ഇതാണ് പ്രതിയെന്ന് രണ്ടാമത് നിങ്ങൾ പറഞ്ഞു. പിടിച്ച അഞ്ച് പ്രതികളും ഈ കേസുമായി ബന്ധപ്പെട്ടുള്ള യഥാർത്ഥ പ്രതികളല്ല എന്നുപറയാനുള്ള തന്റേടവും ആർജ്ജവവും ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാണിക്കുമോ?

പിടിച്ച പ്രതികൾ തന്നെയാണ് യഥാർത്ഥ പ്രതികൾ എന്ന് പറയാൻ സാധിക്കുമോ? നിങ്ങളിൽ ആര് പറയുന്നതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്. യഥാർത്ഥ പ്രതികളെ പോലീസ് പിടിച്ച് നിയമത്തിന്റെ മുന്നിലേയ്ക്ക് കൊണ്ടുവരുമ്പോൾ അതല്ല യഥാർത്ഥ പ്രതികൾ എന്ന് പറഞ്ഞതാരാണ്? നിരാഹാര സമരം നടത്തുന്ന ശ്രീ. കെ. സുധാകരനാണ് പറഞ്ഞത് പിടിച്ചുകൊണ്ടുവന്ന പ്രതികൾ യഥാർത്ഥ പ്രതികളല്ല, ഡമ്മിയാണെന്ന്. ഇപ്പോൾ നിങ്ങൾ തിരിച്ച് പറയുകയാണോ? ആര് പറയുന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശ്വസിക്കുന്നത്. ഇവിടെ കുറേ കൊലപാതകത്തിന്റെ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ? .............(ബഹളം).............

മി. സ്പീക്കർ: ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വഴങ്ങിക്കൊടുത്തതുകൊണ്ടല്ലേ അദ്ദേഹം സംസാരിക്കുന്നത്...........

ശ്രീ. എ. കെ. ബാലൻ: സർ, എനിക്ക് ഒരു ചോദ്യമേയുള്ളൂ. ആ നിരയിൽ തൃശ്ശൂരിലെ മധുവിന്റെയും ലാലിന്റെയും പേര് വിട്ടുപോയത് എന്തുകൊണ്ടാണെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയെ അറിയിക്കണം. ആ പേരുകൾ കൂടി പറയേണ്ടതല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതിയെ തീരുമാനിക്കേണ്ടത് ഞാനല്ല.

നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. ഈ സംസ്ഥാനത്ത് പ്രതികളെ തീരുമാനിക്കുകയും ഡമ്മിപ്രതികളെ കൊടുക്കുകയും ചെയ്യുന്ന പാരമ്പര്യം ആ പാർട്ടിക്കുള്ളതുകൊണ്ടാണ് ശ്രീ. എ. കെ. ബാലൻ ആ ചോദ്യം തന്നെ ചോദിച്ചത്. ആഭ്യന്തരമന്ത്രിയായിരുന്ന ഒരാളാണ് ഞാൻ. അതിനെക്കുറിച്ചൊക്കെ എനിക്ക് നല്ല ധാരണയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെ നമ്മൾ ആരും പ്രതികളെ തീരുമാനിക്കേണ്ട. അത് പോലീസ് തീരുമാനിക്കും. പക്ഷേ നിങ്ങൾ പോലീസിനെ നിക്ഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ലെന്നതാണ് ഇവിടുത്തെ പ്രശ്നം. അവർ പ്രതികളാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് പോലീസാണ്....... (ബഹളം)............

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ,

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പോലീസിൽ കീഴടങ്ങിയ പ്രതികൾ യഥാർത്ഥ പ്രതികളല്ലെന്ന് പറഞ്ഞത് ഞാനല്ല, ശ്രീ. കോടിയേരി ബാലകൃഷ്ണനാണത് പറഞ്ഞത്. അങ്ങ് അദ്ദേഹത്തോട് ചോദിക്കു. എന്നോടാണോ ചോദിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് തെറ്റാണെന്ന് അങ്ങേയ്ക്ക് ബോദ്ധ്യമായോ? പ്രതികൾ ആരാണെന്ന് തീരുമാനിക്കുന്നത് പോലീസാണ്. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുകയാണ്

കീഴടങ്ങിയ പ്രതികൾ യഥാർത്ഥ പ്രതികളല്ല. സമ്മർദ്ദം കൊണ്ടാണ് അവർ സമ്മതിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത്തരമൊരു പ്രയോഗം നടത്തിയിട്ടില്ല. നിങ്ങൾ തെറ്റുകൾ പറയരുത്.

ശ്രീ. രമേശ് ചെന്നിത്തല: അദ്ദേഹം പറഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: ഇല്ല. അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, അദ്ദേഹം അങ്ങനെ പറഞ്ഞത് കേരളത്തിലെ ദൃശ്യമാധ്യമങ്ങളിൽ വന്നതാണ്. മനോരമ ചാനലിൽ ഞാനും ശ്രീ. കോടിയേരിയും കൂടി പങ്കെടുത്ത ഒരു ഡിബേറ്റിൽ എ.ഡി.ജി.പി.യും ശ്രീ. കോടിയേരിയും പറഞ്ഞ വ്യത്യസ്ത സ്റ്റേറ്റ്മെന്റുകൾ കേരളത്തിലെ ജനങ്ങൾക്ക് കാണിച്ചുകൊടുത്തു. അത്തരത്തിൽ പറഞ്ഞിട്ടില്ലെന്ന് പിന്നീട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണ് ശരിയെന്നും ഞങ്ങൾക്ക് പാർട്ടി അന്വേഷണം സ്വീകാര്യമാണെന്നുമാണ് പ്രതിയുടെ അച്ഛൻ പറഞ്ഞത്. പോലീസ് പറയുന്ന അവരെ അറസ്റ്റു ചെയ്തുവെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്ന അവർ കീഴടങ്ങിക്കൊടുത്തുവെന്ന്.

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമവകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ബാലൻ

അങ്ങനെ പറയരുത്. ബഹുമാന്യനായ നിയമവകുപ്പുമന്ത്രിയാണ് ഇത്തരത്തിൽ സംസാരിക്കുന്നത്. അങ്ങ് അങ്ങനെ സംസാരിക്കാൻ പാടില്ല. കേസന്വേഷണം പുരോഗമിക്കുമ്പോൾ നിയമവകുപ്പുമന്ത്രി ഇത്തരത്തിൽ അഭിപ്രായം പറയരുത്, അത് തെറ്റാണ്. അങ്ങ് പരിചയമുള്ള ആളാണ്. ദയവായി ശ്രീ. എ. കെ. ബാലൻ ഇത് ആവർത്തിക്കരുത്.

ശ്രീ. എ. കെ. ബാലൻ: ...............(മൈക്ക് ഓഫ്)...........

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കെ. സുധാകരനല്ല അത് പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് പറഞ്ഞത്. സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ പറഞ്ഞു, സി.പി.ഐ.(എം) ഈ കൊലപാതകം നടന്ന സമയത്ത് പറഞ്ഞു, ഞങ്ങൾക്ക് ഈ കൊലപാതകവുമായി ഒരു ബന്ധവുമില്ല. അത് ആദ്യത്തെ സ്റ്റേറ്റ്മെന്റാണ്. ശ്രീ. ഷുഹൈബിനെ കൊന്നവർക്ക് സി.പി.ഐ.(എം) ആയി ഒരു ബന്ധവുമില്ല. നിങ്ങൾ അത് പറഞ്ഞ് മഷി ഉണങ്ങുന്നതിനുമുമ്പ് സി.പി.ഐ.(എം)-ന്റെ പ്രാദേശിക നേതാക്കളാണ് ഇതിലെ പ്രതികളെന്നുള്ളത് ഇപ്പോൾ പോലീസ് സമ്മതിക്കുന്നില്ലേ? നിങ്ങൾ ഓരോ കൊലപാതകങ്ങൾ നടക്കുമ്പോഴും പറയും, ഞങ്ങളല്ല, ഇതിൽ ഞങ്ങൾക്ക് ബന്ധമില്ലായെന്ന്, പിന്നീട് പിടിയിലാകുമ്പോൾ പറയും ഞങ്ങളുടെ ആളുകളാണെന്ന്. അവരെ

ജാമ്യത്തിലിറക്കാൻ നിങ്ങൾ തന്നെ നടക്കും. ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിൽ നടക്കുന്ന എല്ലാ കൊലപാതകങ്ങളുടെയും ഒരു വശത്ത് സി.പി.ഐ(എം.) ആണെന്ന കാര്യം മറക്കരുത്. സംസ്ഥാനത്ത് നടക്കുന്ന ഇത്തരം സംഭവങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനുപകരം... ഇന്ന് മുഖ്യമന്ത്രിയുടെ പ്രതികരണം ഇത്തരമാളുകൾക്കുള്ള പ്രോത്സാഹനമായിട്ടുവേണം കാണാൻ. ദൗർഭാഗ്യകരമായ കാര്യമായിപ്പോയി. അങ്ങയുടെ പ്രസംഗത്തിന്റെ ആദ്യത്തെ ഭാഗം നന്നായി. രണ്ടാമത്തെ ഭാഗം അങ്ങ് കാടുകയറിപ്പോയി. അങ്ങ് ഒരിക്കലും അങ്ങനെ സംസാരിക്കാൻ പാടില്ല. അങ്ങ് ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയാണ്. ആളുകളെ കൊല്ലുന്ന നടപടികൾ ഒരിക്കലും ന്യായീകരിക്കാൻ പാടില്ല. അതിനെ ശക്തമായി നിയന്ത്രിക്കേണ്ട ഉത്തരവാദിത്വമുള്ള ആളാണ് കേരളത്തിലെ മുഖ്യമന്ത്രി എന്നുപറയുന്നത്. ഈ കേസ്സിൽ നടക്കുന്ന സ്ഥിതിയെന്താണ്; ഇതുവരെ ആയുധങ്ങൾ കണ്ടെത്തിയോ; എവിഡൻസ് ആക്ടനുസരിച്ച് ആയുധങ്ങൾ കണ്ടെത്തിയെങ്കിൽ മാത്രമേ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയുകയുള്ളൂ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എത്ര ദിവസത്തിന് ശേഷമാണ് കാർ

കണ്ടെത്തിയത്; ഈ സംഭവം കഴിഞ്ഞ് എത്ര ദിവസത്തിനുശേഷമാണ് പ്രതികളെ പിടികൂടിയത്; ഈ സംഭവമുണ്ടാകുമ്പോൾ എന്തുകൊണ്ടാണ് അവിടെ വാഹന പരിശോധന നടത്താത്തത്; പോലീസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച വന്നിരിക്കുന്നു. ആ സ്പോട്ടിൽ ചെയ്യേണ്ട നടപടികൾ ചെയ്തിട്ടില്ല. ജില്ലാ പോലീസ് സൂപ്രണ്ട് ലീവിന് പോയത് എന്തുകൊണ്ടാണ്; ജില്ലാ പോലീസ് സൂപ്രണ്ട് പരാതി പറഞ്ഞതെന്തിനാണ്; മാത്രമല്ല......

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജില്ലാ പോലീസ് സൂപ്രണ്ട് അദ്ദേഹത്തിന്റെ പിതാവിന്റെ അസുഖം പ്രമാണിച്ച് കോയമ്പത്തൂരിൽ പോയി കാണുകയും അദ്ദേഹത്തിന്റെ ബ്രദർ ചെന്നൈയിൽ ഡോക്ടർ കൂടിയായതുകൊണ്ട് അവിടെ നിന്നും അങ്ങോട്ട് കൊണ്ടുപോകുകയുമാണുണ്ടായത്. അത്യാസന്ന നിലയിൽ ആരായാലും പോകുമല്ലോ; അതാണ് സംഭവിച്ചത്. വേറൊന്നും ഉണ്ടെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങയോട് ഒരു കാര്യം ചോദിച്ചോട്ടെ. ജില്ലാ പോലീസ് സൂപ്രണ്ട് ഒരു പരാതി ഡി.ജി.പി.-ക്ക് നൽകിയിരുന്നു.

അന്വേഷണ സംഘത്തിന്റെ വിവരങ്ങൾ ചോരുന്നുവെന്നുള്ള വിവരം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് വസ്തുത അല്ലെന്നാണ് മനസ്സിലാക്കിയത്. ഇങ്ങനെയൊരു വാർത്തയുണ്ടായിരുന്നു. അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയ വിവരങ്ങൾ വച്ചുപറയാൻ കഴിയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങയോട് പറയട്ടെ, ഡി.ജി.പി.-യുടെ പ്രസ്താവനയുണ്ടായിരുന്നു. Unprofessional.......പ്രൊഫഷണൽ അല്ലാത്തതു കൊണ്ടാണ് വിവരങ്ങൾ ചോരുന്നത് എന്ന് പ്രസ്താവനയുണ്ടായിരുന്നു. അങ്ങ് ശ്രീ. ലോക്നാഥ് ബെഹ്റയെ വിളിച്ചുചോദിച്ചാൽ മനസ്സിലാകും. ഞാൻ പറഞ്ഞുവന്നത്, ഈ സംസ്ഥാനത്ത് ഞെട്ടിപ്പിക്കുന്ന ഒരു കൊലപാതകമുണ്ടായിട്ട്, ആ കൊലപാതകത്തിന് ഉത്തരവാദികളായ ആളുകളെയും അതിൽ ഗൂഢാലോചന നടത്തിയ ആളുകളേയും നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ മടിക്കേണ്ട കാര്യമെന്താണ്; ഷുഹൈബിന്റെ മാതാവും പിതാവും പറയുന്നത് ഞങ്ങൾക്ക് ഈ കേസ്സന്വേഷണത്തിൽ വിശ്വാസമില്ല, സി.ബി.ഐ. അന്വേഷിക്കണമെന്നാണ്.

സി.ബി.ഐ.അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ മുന്നോട്ടുവന്നത്. ഞങ്ങളും ആ ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നു. ഈ കേസ്സിൽ വെള്ളം ചേർക്കാനുള്ള വലിയ നടപടികളുമായി മുന്നോട്ടുപോകുന്നു. മാർക്സിസ്റ്റ്പാർട്ടി...

ശ്രീ. പിണറായി വിജയൻ: സർ, യു.എ.പി.എ.-യെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ; യു.എ.പി.എ. ചുമത്താത്തത് എന്തുകൊണ്ടാണ്; നേരത്തേ അങ്ങ് തന്നെ രണ്ട് കേസ്സിൽ യു.എ.പി.എ. ചുമത്തിയിരുന്നു. അവസാനം ആ രണ്ടുകേസ്സിൽ നിന്നും പിൻവലിക്കേണ്ടി വന്നു. രണ്ടും സി.പി.ഐ.(എം) പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസ്സായിരുന്നു. പക്ഷേ യു.എ.പി.എ. ചുമത്തി. അത് പിൻവലിക്കേണ്ടിവന്നു. കാരണം അത് കേസ് ദുർബലപ്പെടുന്നതിന് ഇടയാകുമെന്ന് വന്നപ്പോഴാണ് പിൻവലിക്കുന്ന നിലയുണ്ടായത്. യു.എ.പി.എ. എന്നുപറയുന്നത് അതിന്റെ സാഹചര്യമുണ്ടെങ്കിൽ മാത്രമേ ചുമത്താൻ കഴിയുകയുള്ളൂവെന്നാണ് വ്യക്തമാക്കുന്നത്. അല്ലെങ്കിൽ കേസ് ദുർബലമായിപ്പോകും. അതുകൊണ്ടാണ് ഈ ഘട്ടത്തിൽ അത്തരമൊരു കാര്യം ഉണ്ടാകാതിരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി , Every case is not

similar. Every case has its own circumstances. ഓരോ കേസ്സിനും ഓരോ രീതിയാണ്. അങ്ങ് പറഞ്ഞത് ശരിയാകാം. പക്ഷേ ആർ.എസ്.എസ്. -കാരനായ മനോജ് കൊലചെയ്യപ്പെട്ടപ്പോഴും... രണ്ട് പേർക്കെതിരെയും ഞാൻ മന്ത്രിയായിരുന്ന കാലത്ത് യു.എ.പി.എ. ചുമത്തി. പക്ഷേ ഇവിടത്തെ സംഭവം അതല്ല. അങ്ങ് ആ നിയമം ഒന്ന്.....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ...പോലീസ് സ്റ്റേഷൻ പരിധിയിൽ 2015-ൽ ഓണിയൻ പ്രേമൻ കൊലചെയ്യപ്പെട്ടിരുന്നു. അതാണ് ഒരു സംഭവം. രണ്ടാമത്തേത്, കൊളവല്ലൂരിലെ സി.പി.ഐ.(എം.)പ്രവർത്തകനായ വിനോദ് കൊല്ലപ്പെട്ട സംഭവം. രണ്ട് കേസ്സിലും യു.എ.പി.എ. ചുമത്തിയിരുന്നു. പിന്നീട് നമുക്ക് അന്നത്തെ നിലവെച്ച് ഒഴിവാക്കേണ്ടിവന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശരിയാണ്. ആർ.എസ്.എസ്.-കാരാണ് കൊലയാളികൾ. അവരുടെ പേരിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്. യു.എ.പി.എ. ആക്ടിന്റെ സെക്ഷൻ (15) വളരെ വ്യക്തമായി പറയുന്നുണ്ട്. ഒരു സ്ഥലത്ത് ബോംബെറിഞ്ഞ് ഭീകരാവസ്ഥ സൃഷ്ടിച്ച് അവിടത്തെ ജനങ്ങളെ ഭീതിജനകമായ

ഒരു സാഹചര്യത്തിലെത്തിച്ച് ഒരു കൊലപാതകം നടത്തുകയാണെങ്കിൽ it is a fit case for charging UAPA. വളരെ വ്യക്തമായി പറയുന്നുണ്ട്. ഓരോ കേസ്സും വ്യത്യസ്തമാണ്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ കേസ്സിൽ യു.എ.പി.എ. ചുമത്തേണ്ടത് ഏറ്റവും ആവശ്യമാണ്. അങ്ങ് അക്കാര്യം പരിശോധിക്കണം. സെക്ഷൻ 15 പരിശോധിച്ച് അങ്ങ് തീരുമാനിക്കണം. ഞങ്ങൾ പറയുന്നത്, ഇവിടെ പോലീസ് സംവിധാനത്തെ നിർവ്വീര്യമാക്കുന്നു. പോലീസ് നടപടികളിൽ ഇടപെടുന്നു. മുഴക്കുന്ന് പോലീസ് സ്റ്റേഷൻ എസ്.ഐ. എന്തിനാണ് സർ, മുടക്കോഴിമലയുൾപ്പെടെയുള്ള സ്ഥലങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചത്. ആ പോലീസ് സ്റ്റേഷനിലെ എസ്.ഐ. അഞ്ച് ദിവസമായി ലീവിൽ പോയി. നിർബന്ധിത ലീവിൽ പോകുകയാണ്. കാരണം പ്രതികളെ പിടിക്കരുതെന്ന് കരുതിയാണ്. രണ്ട് പ്രതികളെ ഹാജരാക്കിയെന്ന് ബഹുമാന്യനായ എ. കെ. ബാലൻ പറഞ്ഞല്ലോ; ഈ രണ്ട് പ്രതികളെയും പാർട്ടിയുടെ ലോക്കൽ കമ്മിറ്റിയുടെ നേതാക്കന്മാർ സ്റ്റേഷനിൽ കൊണ്ട്

ഹാജരാക്കിയതാണ്. അല്ലാതെ അവരെ ആരെയും പോലീസ് പിടിച്ചതല്ല. ....പ്രതിയല്ലെന്ന് ഞാൻ പറഞ്ഞില്ലല്ലോ...അത് അന്വേഷണസംഘം തീരുമാനിക്കട്ടെ. ഇവരെ പ്രാദേശിക സി.പി.ഐ. (എം) നേതൃത്വം മാലൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഹാജരാക്കിയതാണ്. വസ്തുത വസ്തുതയല്ലാതാകുമോ; അതുകൊണ്ട് ഈ കേസന്വേഷണത്തിന്റെ കാര്യത്തിൽ വലിയ ആശങ്കയുണ്ട്. വലിയ തോതിലുള്ള ആശയക്കുഴപ്പമുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും നീതികിട്ടുകയില്ലെന്നുള്ള അഭിപ്രായമുണ്ട്. അതോടൊപ്പം തന്നെ ആ കുടുംബത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ് സി.ബി.ഐ. അന്വേഷണം വേണമെന്നുള്ള കാര്യം. 120(ബി) അനുസരിച്ച് കേസ് ചാർജ് ചെയ്തോ; ഗൂഡാലോചന 120(ബി) അനുസരിച്ച് കേസ്സുകൾ ചാർജ് ചെയ്തോ; വളരെ ബോധപൂർവ്വമായി ഈ കേസ്സന്വേഷണത്തെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നുവെന്നുള്ള പരാതികൾ ഉയർന്നുവരികയാണ്. അങ്ങനെ ഉയർന്നുവന്ന സാഹചര്യത്തിലാണ് സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ കണ്ണൂരിൽ പത്രസമ്മേളനം നടത്തിയത് കേരളം മുഴുവൻ കേട്ടതാണ്. ശ്രീ.

എ. കെ. ബാലൻ സ്വന്തമായി പറഞ്ഞതല്ല. മുഖ്യമന്ത്രിയുടെ പ്രതിനിധിയായി പോയതാണ്. ശ്രീ. എ. കെ. ബാലന്റെ പ്രസ്താവന എന്നാൽ അത് സർക്കാരിന്റെ പ്രസ്താവനയാണ്. സർക്കാരിന്റെ പ്രസ്താവനയിൽ പറയുന്നതെന്താണ്; സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസിയുടെയും അന്വേഷണത്തിന് തയ്യാറാണെന്ന് പറഞ്ഞിട്ട് ഇപ്പോൾ അന്വേഷണത്തിൽ നിന്നും പുറകോട്ട് പോകുന്നതുതന്നെ സംശയാസ്പദമായ കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുന്നു. ഈ കേസ് സി.ബി.ഐ. അന്വേഷിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. സർക്കാർ അതിന് തയ്യാറല്ലെങ്കിൽ മറ്റ് നിയമപരമായ മാർഗ്ഗങ്ങൾ ഞങ്ങൾ തേടും. നാട്ടിൽ കൊലപാതകങ്ങളുണ്ടാകുമ്പോൾ ആ കൊലപാതകികളെ സംരക്ഷിക്കുകയല്ല സർക്കാരിന്റെ ചുമതല. അതിനെ നിയന്ത്രിക്കുകയാണ്, പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. അത്തരം നടപടികൾ സ്വീകരിക്കാത്ത സർക്കാരിന്റെ നടപടികളോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

(ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(ശ്രദ്ധക്ഷണിക്കൽ)